
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 04 No. 06 | THE ONLINE OFFICIAL NEWS BULLETIN | 2021 February 06

SEASON OF EPIPHANY | ദനഹകാലം | ܥܕܢܐ ܕܕܢܚܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
7  ♪8 hadbšabo d anidé Sunday of all Departed	8  ♪4 Comme. of Mar Abo (Mathamariyam Church, Thevalakkara)	9  ♪8 12th Mem. of Mathews Mar Epiphanios ✠ (St. Thomas Cathedral, Kollam)	10 ♪4	11 ♪8	12 ♪4	13  ♪8 89th Mem. of Patriarch Mar Elias III of Antioch ✠ (Manjanikara Dayra)



കുന്നംകുളം മെത്രാസന അരമനയിലെ നവീകരിച്ച സെന്റ് ഗ്രീഗോറിയോസ് ചാപ്പലിന്റെ കൂദാശയും, 30-ാം വാർഷിക പെരുന്നാളും ഫെബ്രുവരി 2, 3 തീയതികളിൽ നടത്തപ്പെട്ടു. പ. ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ശുശ്രൂഷകൾക്ക് പ്രധാന കാർമ്മികത്വം വഹിച്ചു.



മലങ്കര മല്പാൻ ഫാ. എൻ. കെ. കോരുതിന്റെ കബറിടം തകർത്തതിൽ പ്രതിഷേധിച്ച് വടവുകോട് പള്ളിയിൽ കൊച്ചി ഭദ്രാസന മെത്രാപ്പോലീത്താ ഡോ. യാക്കോബ് മാർ ഐറേനിയോസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പ്രതിഷേധ യോഗം.



കല്ലറകളോടുള്ള അധിക്ഷേപം അപലപനീയം: ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ്


കോട്ടയം: കക്ഷിഭേദമെന്യേ മലങ്കരസഭയിലെ അനേകം വൈദികരുടെ ഗുരുവും, ജാതിമതഭേതമന്യേ സർവ്വരുടെയും ആദരവുകൾക്ക് പാത്രീഭൂതനുമായിരുന്ന പരേതനായ ഞാർത്താങ്കൽ കോരതു മല്പാന്റെ കല്ലറ തകർത്ത പ്രവൃത്തി അപലപനീയമാണെന്ന് മലങ്കര ഓർത്തഡോക്സ് സഭ എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ. പാത്രിയർക്കീസ് വിഭാഗം തലവനായ ശ്രേഷ്ഠ കാതോലിക്കായുടെയും ഗുരുവാണ് മല്പാനച്ചൻ. ഓർത്തഡോക്സ് സഭ മൃതശരീരങ്ങളോട് അനാദരവു കാണിക്കുന്നു എന്ന് വ്യാജ ആരോപണം ഉന്നയിച്ചുകൊണ്ടിരിക്കുന്നവർ തന്നെ ഇത്തരത്തിൽ ഒരു പ്രവൃത്തിക്കു മുതിർന്നത് വിരോധാഭാസമാണ്. കബറടക്കി വർഷങ്ങൾ കഴിഞ്ഞിട്ടും വിദ്വേഷം നിലനിർത്തുന്നതിന്റെ അടയാളമായി മാത്രമേ ഇതിനെ കാണാനാവൂ.

വടവുകോട് സെന്റ് മേരീസ് പള്ളിയിൽ കബറടക്കപ്പെട്ടിരിക്കുന്ന ഓർത്തഡോക്സ് വൈദികൻ ജോസഫ് വെണ്ടറപ്പിള്ളിൽ അച്ചന്റെ കല്ലറയോടും ഏതാനും വർഷങ്ങൾ മുമ്പ് ഇതേ വിധത്തിൽ അനാദരവ് കാട്ടിയിരുന്നു. മൃതശരീരങ്ങളോട് യഥാർത്ഥത്തിൽ അനാദരവ് കാണിക്കുന്നത് ആരെന്ന് പൊതുസമൂഹം തിരിച്ചറിയണം. ഇൻഡ്യയുടെ പരമോന്നത കോടതിയുടെ വിധി അനുസരിക്കാനുള്ള ഒരു വിഭാഗത്തിന്റെ വൈമനസ്യമാണ് ഈ പ്രശ്നങ്ങളുടെയെല്ലാം കാരണം. അക്രമങ്ങൾ സൃഷ്ടിക്കുന്ന ഇത്തരം പ്രവണത അവസാനിപ്പിക്കാതെ സഭാ പ്രശ്നം രമ്യമായി പരിഹരിക്കാനാവില്ല. അക്രമികളെ കണ്ടുപിടിച്ച് എത്രയുംവേഗം നിയമത്തിനുമുമ്പാകെ കൊണ്ടുവരണമെന്നും അദ്ദേഹം പറഞ്ഞു.

മണർകാട് പള്ളിക്കേസ്

കൊച്ചി: മണർകാട് പള്ളിയിൽ വിഘടിത വിഭാഗത്തിന് നിരോധനം ഏർപ്പെടുത്തണം എന്നാവിശ്യപ്പെട്ടു കോട്ടയം മുൻസിഫ് കോടതിയിൽ ഓർത്തഡോക്സ് സഭ നൽകിയ കേസ് തള്ളണം എന്ന വിഘടിത വിഭാഗം കേരള ഹൈക്കോടതിയിൽ സമർപ്പിച്ച ഹർജി കോടതി പരിഗണിക്കുകയും ഒറിജിനൽ സ്യൂട്ടിനു ഒപ്പം ഹർജി പരിഗണിച്ചു മൂന്നു ആഴ്ചക്കുള്ളിൽ തീർപ്പാക്കാൻ കീഴ്കോടതിയോട് ആവശ്യപ്പെട്ട് ഉത്തരവാകുകയും ചെയ്തു.

ആരാധനാ കലണ്ടർ



“എന്റെ വചനം കേട്ടു എന്നെ അയച്ചവനെ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്; അവൻ ന്യായവിധിയിൽ ആകാതെ മരണത്തിൽ നിന്നു ജീവങ്കലേക്കു കടന്നിരിക്കുന്നു.”

ഡോ. ഗീവർഗീസ് മാർ യൂലിയോസ്

സകല വാങ്ങിപ്പോയവരുടെയും ഓർമ്മ ആഘോഷിച്ച് നാമും അവരും ചേർന്ന് സ്രഷ്ടാവിനെ മഹത്വപ്പെടുത്തുകയും രക്ഷാകരമായ വി. വലിയ നോമ്പിലേക്ക് പ്രവേശിക്കുവാൻ ഒരുങ്ങുകയും ചെയ്യുന്ന സമയമാണല്ലോ. “ദൈവമായ കർത്താവേ! സത്യവിശ്വാസത്തിൽ ഞങ്ങളിൽ നിന്നും വാങ്ങിപ്പോയിരിക്കുന്ന സകല മരിച്ചുപോയവരെയും നീ ആശ്വസിപ്പിച്ച് പുണ്യപ്പെടുത്തേണമെ. ഞങ്ങളും അവരും ചെയ്തുപോയ പിഴകളെ നീ ക്ഷമിക്കണമെ” എന്ന പ്രാർത്ഥനയോടെ അവരുടെ മദ്ധ്യസ്ഥതയിലും സംസർഗ്ഗത്തിലും നാം എപ്പോഴും ചേർന്നുനിൽക്കുന്നു.

വാങ്ങിപ്പോയവരെക്കുറിച്ചുള്ള മനോഹരങ്ങളായ വേദവായന ഭാഗങ്ങളാണ് ഈ ആഴ്ചയിൽ ക്രമീകരിച്ചിരിക്കുന്നത് എന്ന് എടുത്തുപറയേണ്ടതില്ലല്ലോ. ആദ്യ പഴമവായന തന്നെ ഇതിന് ഉത്തമ ഉദാഹരണമാണ്: തന്റെ സ്നേഹിതനായ വിശ്വസ്തനായ മോശ മുഖാന്തരം യഹോവയായ ദൈവം തന്റെ ജനതയെ മിസ്രയേമിൽ നിന്നും തിരികെ വിളിച്ച് വാഗ്ദത്ത ഭൂമിയായ ഇസ്രായേലിലേക്ക് നയിക്കുന്നു. യോർദ്ദാൻ നദി കടന്നാൽ ദൗത്യപൂർത്തീകരണമാവുമെന്നിരിക്കെ അതിനു തൊട്ടുമുമ്പ് നെബോ പർവ്വത ശിബിരത്തിൽ നിർത്തി മോശയെ കനാൻദേശം കാണിച്ച ശേഷം തന്റെ ശിഷ്യനായ ജോഷ്വായുടെ നേതൃത്വത്തിൽ ദൈവജനം അവിടെ പ്രവേശിക്കുമെന്നും എന്നാൽ നിന്റെ ദൗത്യം ഇവിടെ അവസാനിക്കുന്നുവെന്നും കല്പിക്കുന്നു. താൻ ഒരിക്കലും കണ്ടിട്ടില്ലാത്ത എന്നാൽ ഒരു ജനതയെ അവരുടെ കഷ്ടതകളിൽ നിന്നും നൂറ്റാണ്ടുകളുടെ പ്രവാസ ജീവിതത്തിൽ നിന്നും വിടുവിച്ച് അവരുടെ പിതാക്കന്മാരുടെ നാട്ടിൽ തിരികെയെത്തിക്കുവാൻ നൂറ്റിഇരുപതു വത്സരം നീണ്ട തന്റെ ആയുസ്സ് മുഴുവൻ പരിശ്രമിച്ച മോശയെ അതിനു തൊട്ടുമുമ്പ് തന്നിലേക്ക് ചേർക്കുകയും താൻ തന്നെ അവനെ സംസ്കരിക്കുകയും ചെയ്യുന്നു. മോശ ചേർക്കപ്പെട്ടത് നിത്യതയിലേക്കാണ്. മുപ്പതു ദിവസത്തെ വിലാപത്തിനുശേഷം വർദ്ധിതവീര്യത്തോടെ മോശയുടെ ആത്മാവിനെ പ്രാപിച്ച ജോഷ്വാ ജനത്തെ ദൈവശക്തിയാൽ മുന്നോട്ടു നയിക്കുന്നു! (ആവർത്തനം 34). പാരമ്പര്യത്തിന്റെയും പിൻതുടർച്ചയുടെയും ദൈവത്വത്തിൽ സമാധിയായി വിലയം പ്രാപിക്കുന്നതിന്റെയും ഏറെ മനോഹരമായ ഒരു ആത്മവിവരണമാണ് ഇവിടെ പ. സഭ കാണുന്നത്. മോശ തന്നെയാണ് നൂന്റെ മകനായ ജോഷ്വായിൽ പുനർജനി പ്രാപിക്കുന്നത്. ഓരോ സംസ്കരണവും പുതുമയിലേക്കുള്ള ഉയിർപ്പുകളാണ്. ആദം മുതൽ ഇന്നയോളമുള്ള എന്റെ പൈതൃകമാണ് മുന്നോട്ടുള്ള എന്റെ പ്രേരണയും ചാലകശക്തിയുമെന്ന് ഓരോ വിശ്വാസിയും ഓർക്കണം.

ദൗത്യപൂർത്തീകരണത്തിനുശേഷം ജോഷ്വായും കാലഗതി പ്രാപിക്കുന്ന ചിത്രമാണ് അടുത്ത വായനാഭാഗം! 110 വയസ്സുള്ളവനായി അവൻ ദൈവസന്നിധിയിൽ നിർവൃതി പൂണ്ട് തന്റെ ജനത്തോട് ചേരുന്നു; അവന്റെ അവകാശ ഭൂമിയിൽ അടക്കം ചെയ്യപ്പെടുന്നു. യാത്രയിൽ അവരോടൊപ്പം ഉണ്ടായിരുന്ന ഏറ്റവും വലിയ നിക്ഷേപം തങ്ങളുടെ പൂർവ്വീകനായ ജോസഫിന്റെ അസ്ഥികളായിരുന്നു. അവ ബഹുമാനപൂർവ്വം പിതൃഭൂമിയിൽ സംസ്കരിച്ചുവെന്നും അഹരോന്റെ മകൻ എലെയാസറും മരിച്ച് ജനതയോട് ചേർന്നുവെന്നും ഇവിടെ വായിക്കുന്നു. പിൻതുടർച്ചയുടെയും നിത്യയുടെ സുന്ദരമായ മറ്റൊരു ഭാഗമാണ് ഇവിടെയും നാം കാണുന്നത് (ജോഷ്വാ 24:29–33).

മനുഷ്യജീവിതം ക്ഷണികമാണ്. അർത്ഥമില്ലാത്ത ജീവിതം നിരർത്ഥകമായി തീരുന്നു. എന്നാൽ നന്മയിൽ ജീവിക്കുന്നവൻ അനശ്വരത പ്രാപിക്കുന്നുവെന്നും യഹോവ അവനെ രക്ഷിക്കുമെന്ന് വിശ്വസിച്ച് അവൻ ഒരുങ്ങിയിരിക്കുന്നുവെന്നും യെശയ്യാ പ്രവാചകനും (38:10–20) ഓർമ്മിപ്പിക്കുന്നു.



ശ്രീ ശങ്കരാചാര്യരുടെ നാമത്തിൽ അറിയപ്പെടുന്ന ‘ഭജഗോവിന്ദം’ എന്ന തത്വചിന്താപരമായ പ്രാർത്ഥനാഗീതത്തിൽ ജനന–മരണ പ്രക്രിയയിലൂടെ തലമുറയുടെ തുടർച്ചയും അതിദുഷ്കരമായ സംസാര സാഗരത്തിൽ നിന്നും ആന്ത്യന്തികമായി രക്ഷപ്രാപിച്ച് മോക്ഷപ്രാപ്തിയിലെത്തുന്ന പ്രക്രിയയിൽ മാതൃഗർഭത്തിനും പൈതൃകത്തിനുമൊക്കെയുള്ള സ്ഥാനം വർണ്ണിക്കുന്നതും സാന്ദർഭികമായി ഓർക്കുന്നു. മൂഢനായ മനുഷ്യാ! നിന്റെ അഹന്തയും അഹങ്കാരവും അജ്ഞതയും ഉപേക്ഷിച്ച് നീ രക്ഷകനായ ദൈവത്തെ വിളിച്ച് പ്രാർത്ഥിക്കുക എന്ന് പഠിപ്പിക്കുന്നു.

പൊതുലേഖനത്തിൽ യാക്കോബ് ശ്ലീഹാ നൽകുന്ന സന്ദേശവും ശ്രദ്ധേയമാണ്. ദൈവം നിഗളികളെ എതിർക്കുകയും താഴ്മയുള്ളവർക്ക് കൃപ നൽകുകയും ചെയ്യുന്നുവെന്നും ആകയാൽ അവന് കീഴടങ്ങുവീൻ. അവന്റെ സന്നിധിയിൽ താഴുവീൻ; അവൻ നിന്നെ ഉയർത്തും. ഒപ്പം നന്മ ചെയ്യുവാനറിഞ്ഞിട്ടും അഥവാ അവസരങ്ങൾ ഉണ്ടായിട്ടും ആയത് ചെയ്യാത്തവൻ പാപം ചെയ്യുന്നുവെന്നും അദ്ദേഹം ഓർമ്മിപ്പിക്കുന്നു (യാക്കോബ് 4:6–5:6).

കൊരിന്ത്യർക്കുള്ള ഒന്നാം ലേഖനത്തിലൂടെ പ. പൗലൂസ് ശ്ലീഹാ വാങ്ങിപ്പോയവരെ കുറിച്ചുള്ള പ്രൗഢമായ പ്രസംഗമാണ് നൽകുന്നത്. വിശ്വാസത്തിൽ വാങ്ങിപ്പോകുന്നവർക്ക് ക്രിസ്തുവിൽ നിത്യമായ ഉയിർപ്പുണ്ട് എന്നതാണ് അദ്ദേഹത്തിന്റെ മുഖ്യസന്ദേശം. ആദമിൽ എല്ലാവരും ജീവിക്കുന്നു; ഒടുക്കത്തെ ശത്രുവായിട്ട് മരണം നീങ്ങി പോകുമെന്നും അങ്ങനെ സകലവും അവന് കാൽകീഴാകുമെന്നും ഉപന്യസിക്കുന്നു.

ക്രിസ്തുവിനായി ഉണർന്നിരിക്കുവാനുള്ള ആഹ്വാനമാണ് സുവിശേഷ ഭാഗങ്ങൾ ഈ ദിവസത്തിൽ നൽകുന്നത്. “എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ, വരുവീൻ; ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കികൊൾവീൻ” എന്ന ശബ്ദം അവൻ കേൾക്കുവാൻ ഇടയാകട്ടെ എന്ന ആശംസയും കർത്താവ് തന്നെ നൽകുന്നുണ്ട്. സമൂഹത്തിൽ ദരിദ്രനും പ്രതിസന്ധികളിൽ അകപ്പെട്ടവനുമൊക്കെയായി കാണുന്നവനിലാണ് ക്രിസ്തുവിനെ കണ്ടെത്തേണ്ടതെന്നും ആയതിന് സാധിക്കാത്തവനെ “ശപിക്കപ്പെട്ടവനെ, എന്നെ വിട്ടു പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവീൻ” എന്ന് പറഞ്ഞ് അവൻ തള്ളികളയുമെന്നും കാണുന്നു.

വി. യോഹന്നാൻ ശ്ലീഹായുടെ വേദശാസ്ത്രത്തിൽ ക്രിസ്തുവിൽ വാങ്ങിപ്പോകുന്നവൻ മരണത്തെ വിട്ട് ജീവനിലേക്ക് കടന്നിരിക്കുന്നു; അവൻ ന്യായവിധിയിൽ അകപ്പെടുന്നില്ല എന്ന് പ്രത്യേകം പറയുന്നു.

ക്രിസ്തുവിൽ പുനർ ജനിച്ചവൻ ആത്മാവിൽ മരിക്കുന്നില്ല എന്ന് മാത്രവുമല്ല, അവനെ ന്യായവിധിയിൽ അകപ്പെടാതെ നിത്യജീവനിലേയ്ക്ക് ക്ഷണിക്കുവാൻ തനിക്ക് അവകാശമുണ്ടെന്ന് വി. യോഹന്നാനിലൂടെ പ. സഭ മനസ്സിലാക്കുന്നു. “എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുമെന്നും, അവൻ ഒരുനാളും മരിക്കുന്നില്ല എന്നും അവൻ മരിച്ചാലും ജീവിക്കുമെന്നും” വി. യോഹന്നാനിൽ നിന്നും കർത്താവിന്റെ വചസ്സുകളായി നാം കേൾക്കുന്നു.

“ചെറിയ ആട്ടിൻകൂട്ടമേ, ഭയപ്പെടരുത്, നിങ്ങളുടെ പിതാവ് രാജ്യം നിങ്ങൾക്കു നൽകുവാൻ പ്രസാദിച്ചിരിക്കുന്നു എന്നും നിങ്ങൾക്കുള്ളതു വിറ്റ്

ഭിക്ഷ കൊടുപ്പിൻ; കള്ളൻ അടുക്കയോ പുഴു കെടുക്കയോ ചെയ്യാത്ത സ്വർഗ്ഗത്തിൽ പഴകിപ്പോകാത്ത മടിശ്ശീലകളും തീർന്നുപോകാത്ത നിക്ഷേപവും നിങ്ങൾക്കു ഉണ്ടാക്കികൊള്ളുവിൻ" എന്നും "നിങ്ങളുടെ നിക്ഷേപം ഉള്ളടത്തു നിങ്ങളുടെ ഹൃദയവും ഇരിക്കും എന്ന് പ്രബോധിപ്പിച്ച ശേഷം മനുഷ്യപുത്രന്റെ വരവിനായി നിങ്ങൾ ഒരുങ്ങിയിരിപ്പിൻ" എന്നും നമ്മുടെ കർത്താവ് ആഹ്വാനം ചെയ്യുന്നതോടെയാണ് വി. കുർബാനയുടെ ഏവൻഗേലിയോൻ (ലൂക്കോസ് 12.32–49) അവസാനിക്കുന്നത്.

"ഞങ്ങളുടെ ജീവന്റെ ശരണവും ആത്മാക്കളുടെ രക്ഷകനുമായ മശിഹാ തമ്പുരാനെ! സത്യവിശ്വാസത്തോടെ മുമ്പുകൂട്ടി യാത്ര പുറപ്പെട്ട് നിന്റെ അടുക്കൽ വന്നുചേർന്ന ഞങ്ങളുടെ മാതാപിതാക്കളുടെയും സഹോദരങ്ങളുടെയും ഗുരുക്കന്മാരുടെയും വിശ്വാസികളായ സകല വാങ്ങിപ്പോയവരുടെയും ആത്മാക്കൾക്കായി നിന്റെ പ്രകാശവും കൃപാ കാന്തിയും ഉദിപ്പിക്കണമേ" എന്നാണ് പ്രാരംഭ പ്രാർത്ഥന.

പ. സഭയുടെ നിഖ്യാ–കുസ്തന്തീനോസ്പോലീസ് വിശ്വാസ പ്രഖ്യാപനത്തിലെ അവസാന വാചകം ഇവിടെ പ്രത്യേകം സ്മരിക്കണം. "മരിച്ചുപോയവരുടെ ഉയിർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കിപാർക്കുന്നു." മരിച്ചുപോയവരുടെ ഉയിർപ്പും, വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനും പൗരസ്ത്യസഭയുടെ അടിസ്ഥാന പ്രമാണങ്ങളാണ്. ഈ തത്വങ്ങളെ ധ്യാനിക്കുന്ന പ്രാർത്ഥനാഭാഗങ്ങളാണ് ഈ ദിവസത്തെ പ്രാർത്ഥനകളിൽ നിറഞ്ഞു നിൽക്കുന്നത്. വാങ്ങിപ്പോയവരുടെ ആത്മാക്കളെ നിന്റെ കരുണയാൽ കൈക്കൊള്ളണമേ; സ്വർഗ്ഗീയ ഭവനങ്ങളിൽ അവരെ പാർപ്പിക്കണമേ, നിന്റെ മുഖകാന്തി അവരിൽ പ്രകാശിപ്പിക്കണമേ" എന്നുമൊക്കെ സഭ പ്രത്യാശയോടെ പ്രാർത്ഥിക്കുന്നു.

"കർത്താവേ! നിന്നെ ഉൾക്കൊണ്ട് കാതോലികവും ശ്ലൈഹികവുമായ നിന്റെ പ. സഭയുടെ നായകന്മാരായി പ്രസിദ്ധരായ നിന്റെ ആചാര്യ ശ്രേഷ്ഠരുടെ പ്രാർത്ഥനകളെ കേൾക്കണമേ. അവരുടെ പ്രാർത്ഥനകളാലും അപേക്ഷകളാലും നിന്റെ പ്രത്യാശയിൽ ഈ ആയുസ്സിനെ വെടിഞ്ഞ് സത്യവിശ്വാസത്തിൽ മുമ്പുകൂട്ടി നിദ്രപ്രാപിച്ച എല്ലാവരെയും നിന്റെ കൃപയാൽ ഓർക്കണമേ. അവരുടെ ആത്മാക്കളെ ആശ്വസിപ്പിച്ച് അവരുടെ കുറ്റങ്ങളെ പരിഹരിച്ച് അവരുടെ നാമങ്ങളെ ജീവന്റെ പുസ്തകത്തിൽ എഴുതണമേ" എന്ന് നമുക്കും പ്രാർത്ഥിക്കാം.

❑

പി. സി. ജോർജ് എം.എൽ.എ. രാഷ്ട്രീയ മുതലെടുപ്പ് നടത്തുന്നു: ഓർത്തഡോക്സ് സഭ

കോട്ടയം: സഭാതർക്കത്തിന്റെ പശ്ചാത്തലത്തിൽ നീതിന്യായ വ്യവസ്ഥകളെ വെല്ലുവിളിച്ചുകൊണ്ട് പാത്രിയർക്കീസ് വിഭാഗം നടത്തുന്ന സത്യാഗ്രഹത്തിന് പിന്തുണ പ്രഖ്യാപിച്ച് പി. സി. ജോർജ് എം.എൽ.എ. നടത്തിയ പ്രസ്താവന രാഷ്ട്രീയ മുതലെടുപ്പ് ലക്ഷ്യം വച്ചുള്ളതാണെന്ന് മലങ്കര ഓർത്തഡോക്സ് സഭാ എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ. ഇന്ത്യൻ ഭരണഘടനയ്ക്ക് കൂറും വിധേയത്വവും പ്രഖ്യാപിച്ചുകൊണ്ട് സത്യപ്രതിജ്ഞ ചെയ്ത് അധികാരത്തിൽ വന്ന ഒരു ജനപ്രതിനിധി രാജ്യത്തിന്റെ നിയമവ്യവസ്ഥയെ ചോദ്യം ചെയ്തുകൊണ്ട് സംസാരിച്ചത് നിയമലംഘനമാണ്. പാത്രിയർക്കീസ് വിഭാഗം നേരിടുന്നത് അന്യായമായ വിധിയാണെന്നു പ്രസ്താവിക്കാൻ പി.സി. ജോർജിനെ പ്രേരിപ്പിച്ചത് എന്ത് സംഗതിയാണെന്ന് മനസ്സിലാകുന്നില്ലെന്നും അദ്ദേഹം പറഞ്ഞു.

ഇരു വിഭാഗത്തെയും വിശദമായി കേട്ടതിന് ശേഷം ഇന്ത്യയുടെ പരമോന്നത കോടതി പുറപ്പെടുവിച്ച വിധിയെ പരസ്യമായി തെരുവിൽ വിമർശിക്കുന്നത് നിയമസഭാംഗത്തിന് ചേരുന്ന പ്രവൃത്തിയല്ല. വാസ്തവ വിരുദ്ധമായ കണക്കുകൾ നിരത്തി വോട്ട് ശക്തിയുണ്ടെന്ന് തെറ്റു ധരിപ്പിച്ച് നിയമം അനുസരിക്കാത്ത ആളുകളെ വീണ്ടും നിയമ നിഷേധത്തിന് പ്രേരിപ്പിക്കുന്ന രീതി തികച്ചും അപലപനീയമാണ്. കോടതിയിൽ നിന്നും പാത്രിയർക്കീസ് വിഭാഗത്തിന് നീതി ലഭിക്കുന്നില്ല എന്നു പറയുന്നവർ കോടതി വിധികൾ അവർക്ക് എതിരായി വരുന്നതിന്റെ കാരണം ഇതുവരെ പരിശോധിക്കാൻ ശ്രമിക്കാത്തത് ഖേദകരമാണ്. കീഴ്കോടതി മുതൽ സുപ്രീംകോടതി വരെ 35–ൽ പരം ന്യായാധിപന്മാർ പരിഗണിച്ച് തീർപ്പ് കൽപ്പിച്ചിട്ടുള്ളതായ വിഷയമാണ് ഇപ്പോൾ സഭയ്ക്ക് മുന്നിൽ ഉള്ളത്. കേസുകൾ കൊടുക്കുകയും വിധികൾ വരുമ്പോൾ അനുസരിക്കാതെ ഇരിക്കുകയും ചെയ്യുന്ന പ്രവണതയാണ് പാത്രിയർക്കീസ് വിഭാഗത്തിന്റെ ഭാഗത്തുനിന്ന് കണ്ടു വരുന്നത്. ഇതിനെ ജനപ്രതിനിധികളും മറ്റ് രാഷ്ട്രീയ നേതാക്കളും പിന്തുണയ്ക്കുന്നത് രാജ്യത്തിന്റെ നീതിന്യായ വ്യവസ്ഥയെ തന്നെ അട്ടിമറിക്കുന്ന പ്രക്രിയയുടെ ഭാഗമാണെന്ന് പൊതുജനം മനസ്സിലാക്കേണ്ടിയിരിക്കുന്നുവെന്നും മാർ ദീയസ്കോറോസ് കൂട്ടിച്ചേർത്തു.

സെമിത്തേരി ബില്ലിനെതിരെയുള്ള ഹർജി ഹൈക്കോടതി ഫയലിൽ സ്വീകരിച്ചു

കൊച്ചി: സർക്കാറിന്റെ സെമിത്തേരി ഓർഡിനൻസ് ചോദ്യം ചെയ്തത് ഓർത്തഡോക്സ് പക്ഷം ഹൈക്കോടതിയിൽ. ഓർഡിനൻസ് റദ്ദാക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി ഫയലിൽ സ്വീകരിച്ച കോടതി സർക്കാരിനും മറ്റ് എതിർകക്ഷികൾക്കും നോട്ടീസയച്ചു. സുപ്രീം കോടതി വിധി മറികടന്ന് നിയമ നിർമാണം സാധ്യമല്ലന്നും ഭരണഘടനയുടെ കൺ കറൻറ് ലിസ്റ്റ് പ്രകാരം സംസ്ഥാനത്തിന് നിയമം നിർമിക്കാൻ അധികാരമില്ലന്നും ചൂണ്ടിക്കാട്ടിയാണ് ഹർജി. കഴിഞ്ഞ ഒരു വർഷം ആയി ഈ നിയമം നിലവിൽ ഉണ്ടന്ന് സർക്കാർ കോടതിയെ അറിയിച്ചു. കേസ് രണ്ടാഴ്ച കഴിഞ്ഞ് പരിഗണിക്കാനായി മാറ്റി.

സെന്റ് ഗ്രീഗോറിയോസ് അരമന ചാപ്പൽ കൂദാശയും, വാർഷിക പെരുന്നാളും

കുന്നംകുളം: കുന്നംകുളം മെത്രാസന അരമനയിലെ നവീകരിച്ച സെന്റ് ഗ്രീഗോറിയോസ് ചാപ്പലിന്റെ കൂദാശയും, 30–ാം വാർഷിക പെരുന്നാളും ഫെബ്രുവരി 2, 3 തീയതികളിൽ നടത്തപ്പെട്ടു. പ. ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ശുശ്രൂഷകൾക്ക് പ്രധാന കാർമ്മികത്വം വഹിച്ചു. ഡോ. മാത്യൂസ് മാർ സേവേറിയോസ്, ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് എന്നിവർ സഹകാർമ്മികരായി. ഭദ്രാസനത്തിലെ വൈദികരും, സഭാസ്ഥാനികളും പരിപാടികളിൽ പങ്കെടുത്തു. ഭദ്രാസന സെക്രട്ടറി ഫാ. ജോസഫ് ചെറുവത്തൂർ, ഫാ. കെ. പി. ഗീവർഗ്ഗീസ്, ഭദ്രാസന കൗൺസിൽ അംഗങ്ങൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

വൈദിക കുടുംബ സംഗമം
പ. കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു

ആർത്താറ്റ്: കുന്നംകുളം മെത്രാസന അരമന ചാപ്പലിൽ ചേർന്ന വൈദിക യോഗത്തിൽ പ. കാതോലിക്കാ ബാവാ അദ്ധ്യക്ഷത വഹിച്ചു. കുന്നംകുളം ഭദ്രാസന സഹായ മെത്രാപ്പോലീത്തായും, അഹമ്മദാബാദ് ഭദ്രാസനാധിപനുമായ ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത യോഗത്തിൽ സന്നിഹിതനായിരുന്നു. വൈദിക സംഘം സെക്രട്ടറി ഫാ. റ്റി. സി. ജേക്കബ് സ്വാഗതം ആശംസിക്കുകയും, ഫാ. ഗീവർഗ്ഗീസ് ജോൺസൺ നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു. വടവുകോട് സെൻറ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ മലങ്കര മൽപ്പാൻ ഞാർത്തങ്കൽ കോരുത് മൽപ്പാൻ അച്ചൻറെ കബറിടം തകർത്തതിനെതിരെ യോഗം പ്രതിഷേധിച്ചു. ഭദ്രാസനത്തിലെ വൈദികരും അവരുടെ കുടുംബാംഗങ്ങളും യോഗത്തിൽ പങ്കെടുത്തു.



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



സൗഹൃദ സന്ദർശനം നടത്തി

കുന്നംകുളം: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ അഹമ്മദാബാദ് ഭദ്രാസനാധിപനും കുന്നംകുളം ഭദ്രാസനത്തിന്റെ സഹായ മെത്രാപ്പോലീത്തായും സഭയുടെ മാധ്യമ വിഭാഗം അധ്യക്ഷനുമായ പുലിക്കോട്ടിൽ ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസിനെ യു.ഡി.എഫ്. നേതാവ് സി. പി. ജോൺ സന്ദർശിച്ചു. പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല നയിക്കുന്ന ഐശ്വര്യ കേരള യാത്രക്കിടെയാണ് കുന്നംകുളം ആർത്താറ്റ് അരമനയിലെത്തി സി. പി. ജോൺ തിരുമേനിയുമായുള്ള കൂടിക്കാഴ്ച നടത്തിയത്. മാർ യൂലിയോസുമായി വളരെ അടുത്ത ആത്മബന്ധം കാത്തുസൂക്ഷിക്കുന്ന സി. പി. ജോണിന്റെ സന്ദർശനത്തിൽ മറ്റൊന്നും ചർച്ചയായില്ലെന്ന് മാർ യൂലിയോസും സി. പി. ജോണും ഒരേ പോലെ അഭിപ്രായപ്പെട്ടു. ഉച്ചഭക്ഷണം കഴിച്ച് ഒരു മണിക്കൂറിലധികം സമയം അരമനയിൽ ചിലവഴിച്ച ശേഷമാണ് സി.എം.പി. സംസ്ഥാന സെക്രട്ടറി കൂടിയായ സി. പി. ജോൺ മടങ്ങിയത്. സി.എം.പി. തൃശ്ശൂർ ജില്ലാ സെക്രട്ടറി ജയ്സിംങ്ങ് കൃഷ്ണൻ, കുന്നംകുളം നഗരസഭാ കൗൺസിലർ ലെബീബ് ഹസ്സൻ, കുന്നംകുളം ഭദ്രാസന കൗൺസിൽ അംഗം അഡ്വ. ഗിൽബർട്ട് ചീരൻ എന്നിവർ സന്നിഹിതരായിരുന്നു. ഓർത്തഡോക്സ് സഭയുടെ നിലപാടുകൾ മെത്രാപ്പോലീത്താ സി. പി. ജോണിനെ അറിയിച്ചതായി സൂചനയുണ്ട്.



കൊരട്ടി ലെപ്രസി ഹോസ്പിറ്റലിലെ സെന്റ് ജോർജ് ഓർത്തഡോക്സ് ചാപ്പലിൽ പെരുന്നാൾ സന്ധ്യാനമസ്കാരം.




ഇലക്ട്രിക്കൽ എഞ്ചിനിയറിംഗിൽ പി.എച്ച്.ഡി. (കുസാറ്റ്) നേടിയ സൂര്യ സൂസൻ അലക്സ്. ഡോ. ചിക്കു ഏബ്രഹാമിന്റെ ഭാര്യ. കളമശ്ശേരി സെന്റ് ജോർജ് പള്ളി ഇടവകാംഗം.



ഓർത്തഡോക്സ് സഭ വെല്ലുവിളികളെ നേരിട്ട സഭ: ശ്രീധരൻപിള്ള

കോന്നി: ഒട്ടേറെ പ്രതിസന്ധികളും വെല്ലുവിളികളും നേരിട്ട സഭയാണ് ഓർത്തഡോക്സ് സഭയെന്ന് മിസോറം ഗവർണർ പി. എസ്. ശ്രീധരൻപിള്ള. ഓർത്തഡോക്സ് – യാക്കോബായ സഭ തർക്കത്തിൽ രണ്ടു സഭകൾക്കും എന്തു വിട്ടുവീഴ്ച ചെയ്യാൻ കഴിയുമെന്നു പരിശോധിക്കണം. അതിനുശേഷവും ഒരു പരിഹാരത്തിലേക്ക് എത്താൻ സാധിച്ചില്ലെങ്കിൽ അത് ദൈവഹിതമായി കണക്കാക്കാമെന്നും അദ്ദേഹം പറഞ്ഞു.

വകയാർ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി ശതാബ്ദി ആഘോഷ സമാപനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഡോ. സഖറിയാസ് മാർ നിക്കോളാവോസ് അധ്യക്ഷത വഹിച്ചു.



ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ കട്ടച്ചിറ ഓർത്തഡോക്സ് പള്ളിയിൽ.



അഖില മലങ്കര ബാലസമാജം കേന്ദ്ര നേതൃത്വ പരിശീലന ക്യാമ്പ് കോലഞ്ചേരി സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളിയിൽ പ്രസ്ഥാനം പ്രസിഡന്റ് ഡോ. ജോഷ്വാ മാർ നിക്കോദിമോസ് ഉത്ഘാടനം ചെയ്തു.

ഓർത്തഡോക്സ് ആരാധനാവത്സരം

ഫാ. ഡോ. ജോസഫ് ചീരൻ


ഹാശാ ആഴ്ച

ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളെ ധ്യാനിക്കുന്ന ഈ ആഴ്ചയിൽ കഷ്ടതകളുടെ പ്രതീകമായ ഗോഗുൽത്താ നമസ്കാര മേശയുടെ കിഴക്കുവശത്ത് സ്ഥാപിക്കുന്നു. അതിന്റെ വസ്ത്രം കറുപ്പ് നിറമായിരിക്കും. നമസ്കാരങ്ങൾക്ക് മദ്ബഹാ തുറക്കുന്നില്ല. ഏവൻഗേലിയോൻ നമസ്കാര മേശയുടെ തെക്കുഭാഗത്ത് വച്ച് വായിക്കുന്നു. തിരി കത്തിക്കലും ധൂപാർപ്പണവും ഒക്കെ ത്രോണോസിന് എന്നവണ്ണം ഗോഗുൽത്തായുടെ മുമ്പിൽ നടത്തിയാൽ മതി. ഔപചാരികമായ കൈമുത്തലുകളോ മദ്ധ്യസ്ഥതകളോ ഒഴിവാക്കുന്നു. ഓരോ ദിവസങ്ങൾക്കും ചിലപ്പോൾ ഓരോ യാമങ്ങൾക്കും പ്രത്യേക കൗമ്മാകൾ ഉണ്ട്. പെസഹായുടെയും അറിയിപ്പിന്റെ ശനിയാഴ്ചയുടെയും വി. കുർബ്ബാനയ്ക്ക് അതത് നിർദ്ദിഷ്ട കൗമ്മാകൾ ഉപയോഗിക്കുന്നു. നമസ്കാരങ്ങൾക്ക് വർണ്ണാഭമായ രാഗങ്ങൾ ഉപയോഗിക്കുന്നില്ല. മിക്ക ഗീതങ്ങൾക്കും ഹാശായിൽ പ്രത്യേക ഗാനശൈലികൾ ഉള്ളത് ഉപയോഗിക്കുന്നു. ഏവൻഗേലിയോൻ വായനയിലും മറ്റും ശ്ലോമ്മോ ആശംസിക്കുന്നില്ല. കുർബ്ബാനയുള്ളപ്പോൾ പട്ടക്കാരൻ പ്രവേശിക്കുന്ന നേരത്ത് മറ തുറന്ന് അടയ്ക്കും. കുർബ്ബാനയ്ക്ക് പതിവുപോലെ തുറക്കും. കൗമ്മാകൾക്ക് എന്നപോലെ പ്രുമിയോൻ വായനകൾക്കും ധ്യാനപൂർവ്വം കുമ്പിടുന്നു. നമസ്കാരങ്ങൾ അതത് യാമങ്ങളിൽ നടത്തുന്ന പതിവാണുള്ളത്. വലിയ നോമ്പ് എന്നപോലെ ഹാശാ ദിനങ്ങളും ഉപവാസദിനങ്ങളാണ്. സന്ധ്യ തൊട്ട് സന്ധ്യ വരെയാണ് പൂർണ്ണ ഉപവാസം. ഉച്ച വരെയെങ്കിലും ഉപവസിക്കണമെന്നത് നിർബ്ബന്ധം. ക്രിസ്തുവിന്റെ പങ്കപ്പാടുകളിൽ നാം പങ്കുചേരത്തക്കവിധമാണ് ആരാധനയുടെ ക്രമീകരണം. നാം വീണ്ടെടുക്കപ്പെട്ടിരിക്കുന്നത് മൂല്യവത്തായ കഷ്ടാനുഭവങ്ങളും വീരമൃത്യുവും മുഖേനയാണെന്ന് ആവർത്തിച്ച് സ്മരിക്കാനും തദവസരം ജീവിതത്തെ ക്രമീകരിക്കുവാനും ഈ വലിയനോമ്പ് കാലത്തിന്റെ പരമകാഷ്ഠയായ ഹാശാനാളുകൾ നമ്മെ ബോധ്യപ്പെടുത്തുന്നു. കഴിയുന്നത്ര സമയം ദേവാലയത്തിൽ ചെലവിടുവാനും കഷ്ടാനുഭവ സൂചകമായ സങ്കീർത്തനങ്ങൾ ധ്യാനിക്കുവാനും ഹാശായുടെ സൂഗീസാകളും മദ്റശ്ത്താകളും ധ്യാനപൂർവ്വം ചൊല്ലുവാനും വിശ്വാസികളെ പരിശീലിപ്പിക്കുന്നതു കൊള്ളാം. ഓരോ ദിവസവും സന്ധ്യാപ്രാർത്ഥനയോടൊന്നിച്ച് ധ്യാനയോഗങ്ങൾ ക്രമീകരിക്കുന്നതും ഓരോ ദിവസവും കർത്താവ് വിധേയനായ കഷ്ടപ്പാടുകളെ ധ്യാനവിഷയമാക്കുന്നതും അഭിലഷണീയം. ഉയിർപ്പിന്റെയും തേജസ്സിന്റെയും ലക്ഷ്യത്തിലെത്താനുള്ള അനിവാര്യമായ മാർഗ്ഗമാണ് കുരിശിന്റെ മാർഗ്ഗമെന്ന് തിരിച്ചറിയുവാൻ ഈ കാലം സഹായിക്കും.

ഹാശായുടെ തിങ്കൾ

മഹത്വപൂർണ്ണമായ യെരുശലേം ദൈവാലയ പ്രവേശനത്തിനുശേഷം പ്രാർത്ഥനാലയമായി പ്രതിഷ്ഠിക്കപ്പെട്ട ആലയം കള്ളന്മാരുടെ ഗുഹയായി തീർന്ന അവസ്ഥയിൽ യേശു ഹൃദയം നൊന്തു കരയുകയും അനഭിലഷണീയമായ കുടിപാർപ്പുകാരെ ഓടിച്ച് ദേവാലയം ശുദ്ധീകരിക്കുന്നതും മഹാപുരോഹിതന്മാർ അതിൽ പ്രകോപിതരായി അവനെ ചോദ്യം ചെയ്തതും യേശുവിന്റെ ചോദ്യത്തിന് മറുപടി പറയാനാവാതെ അവർ പിൻവാങ്ങിയതും ഒക്കെ നാം കൺമുമ്പിൽ കാണുന്നു. മൂന്നര വർഷത്തെ പഠിപ്പിക്കൽ അതിന്റെ പരിസമാപ്തിയിലേക്ക് നീങ്ങുന്നു. അധർമ്മത്തെ ചോദ്യം ചെയ്യുന്ന ഒരു പ്രവാചകന്റെ മുഖവും ശബ്ദവും സമീപനവും ക്രിസ്തുവിൽ നിന്ന് ഏറ്റുവാങ്ങുവാൻ കഴിയുംവിധമാണ് പ്രാർത്ഥനകൾ. കാട്ടുമുന്തിരിങ്ങാകൾ കായ്ച്ച തോട്ടം നശിപ്പിച്ച് തൽസ്ഥാനത്ത് മധുരമുള്ള ഫലം നൽകുന്ന പുതിയനിയമസഭയെ സ്ഥാപിക്കുന്ന തോട്ടക്കാരൻ നമ്മുടെ അനുദിനജീവിതത്തിൽ പല സന്ദേശങ്ങളും നൽകുന്നു. നമ്മുടെ വീട്ടിൽ, ഇടവകയിൽ, തൊഴിൽസ്ഥലത്ത് പൊളിച്ചെഴുത്ത് ആവശ്യമെങ്കിൽ അതിന് ത്യാഗപൂർവ്വം നേതൃത്വം നൽകുന്ന പ്രവാചക സാന്നിധ്യമാവാൻ നമുക്ക് ഈ ആരാധനകൾ പ്രചോദനമേകുന്നു.

വി. ലൂക്കോസ് 19:4–20:8, വി. മർക്കോസ് 12:1 + വി. മത്തായി 21:33–46, വി. ലൂക്കോസ് 14:12–24.



വാദെദൽമീനൊ. വി. മത്തായി 22:1–14.

ഉല്പത്തി. 22:1–14, 2 രാജാ. 17:7–15, ന്യായാധിപന്മാർ 11:30–40, ഏശായ 28:5–13യ

പ്രവൃത്തി 25:6–12, എബ്രായർ 1:6–2:4, വി. മത്തായി 21:23–32 + 17:10–13.

മൂന്നാം മണി. വി. മത്തായി. 19:1–12 + വി. ലൂക്കോസ് 9:43–45.

ആറാം മണി. വി. മത്തായി 22:41–23:12.

ഒമ്പതാം മണി. വി. മത്തായി 23:13–39.

പെസ്ഗോമോ. സങ്കീർത്തനം 38:17, സങ്കീർത്തനം 83:3, സങ്കീർത്തനം 2:2, സങ്കീർത്തനം 117:19.

ഹാശാ ചൊവ്വാ

പുനരുത്ഥാനത്തെപ്പറ്റിയുള്ള ക്രിസ്തുവിന്റെ വ്യാഖ്യാനം, ഏറ്റവും വലിയ കല്പനയെപ്പറ്റി ക്രിസ്തുവിന്റെ വിശദീകരണം തുടങ്ങിയ ആധികാരിക വിശ്വാസപ്രഖ്യാപനങ്ങൾ നമുക്കും പഠിക്കുവാനുള്ളവയാണ്. ജീവിതത്തെ ക്രമീകരിക്കാൻ സഹായകവും സഭയിലും സമൂഹത്തിലും നാം നിലനിർത്തിപ്പോരുന്ന അഹന്തകളുടെ കൊടിപ്പടം പിച്ചിച്ചീന്തുവാൻ ക്രിസ്തുവിന്റെ നവീനമായ ഉൾക്കാഴ്ചകൾ സഹായിച്ചേക്കും.

വി. മത്തായി 22:15–33, രാത്രി. വി. മത്തായി 13:38–45, വി. ലൂക്കോസ് 22:2 + 11:53–55, വി. യോഹന്നാൻ 2:12–25 + 3:13–21.

വി. യോഹന്നാൻ 8:28–59, ആവർത്തനം 31:16–20, സെഫന്യാവ് 1:11–18, ഏശായ 55:4–11.

1 യോഹന്നാൻ 1:1–9, എബ്രായർ 2:5–18, വി. യോഹന്നാൻ 8:28–59.

പെസ്ഗോമോ. സങ്കീ. 41:6, സങ്കീ. 73:9, സങ്കീ. 38:20.

മൂന്നാം മണി. വി. യോഹന്നാൻ 7:45–52 + 8:12–20.

ആറാം മണി. വി. ലൂക്കോസ് 11:37–54.

ഒമ്പതാം മണി. വി. ലൂക്കോസ് 17:1–3, വി. യോഹന്നാൻ 6:30 + 80:21–27.

പെസ്ഗോമോ. സന്ധ്യാ. സങ്കീ. 73:8, സങ്കീ. 14:1, സങ്കീ. 53:1, 143:11

ഹാശാ ബുധൻ

യേശുവിനെ പിടികൂടി വധിക്കുവാൻ യഹൂദാസഭയിലെ മഹാപുരോഹിതന്മാർ ശ്രമം ഊർജ്ജിതമാക്കുന്നു. സത്യത്തെ കുരിശിക്കുവാനോ ഒറ്റിക്കൊടുക്കുവാനോ കൂട്ടുനിൽക്കുന്ന പ്രവണതയെ പശ്ചാത്താപപൂർവ്വം ഏറ്റുപറഞ്ഞ് മനസ്സാക്ഷിയെ വെടിപ്പാക്കുവാൻ വിശ്വാസികൾക്ക് ഈ കാലം സഹായിക്കണം. നമ്മുടെ ആരാധനയിലും നിലപാടുകളിലും കാപട്യം ഇല്ല എന്നും നീതിമാനെ കുരിശിക്കാനുള്ള സമകാലയത്നങ്ങളിൽ നമുക്ക് പങ്കില്ല എന്നും ഉറപ്പുവരുത്തുവാൻ ഇന്നത്തെ വായനകളുടെ ധ്യാനം സഹായിക്കും.

വി. യോഹന്നാൻ 11:47-12:2, 9-11, രാത്രി. വി. യോഹന്നാൻ 10:15-38, വി. യോഹന്നാൻ 12:19-33, വി. യോഹന്നാൻ 12:34-50.

ലേവ്യ 6:24-7:7, യെഹസ്കിയേൽ 21:20-22:3, 1 ശമുവേൽ 16:1-13, ദാനിയേൽ 14:26-41, ഏശായ 5:1-7.

പ്രവൃത്തി 9:2-20, കൊലോസ്യർ 1:9-15, വി. യോഹന്നാൻ 6:63-7:13, യോഹന്നാൻ 7:14-27, യോഹന്നാൻ 7:28-39.

ഒമ്പതാം മണി. വി. ലൂക്കോസ് 13:31-33 + വി. മർക്കോസ് 8:38 + ലൂക്കോസ് 12:50, 13:17, മർക്കോസ് 3:6, 6:3, 10:39-40.

ഹാശാ വ്യാഴം – രഹസ്യങ്ങളുടെ വ്യാഴം

(കാലുകഴുകൽ ശുശ്രൂഷ, വി. മൂറോൻ കൂദാശ, കർത്താവിന്റെ പെസഹാ ഭോജനം, വി. കുർബ്ബാനയുടെ സ്ഥാപനം എന്നിങ്ങനെ രഹസ്യപൂർണ്ണമായ ഒട്ടേറെ ശുശ്രൂഷകൾ നിർവഹിക്കുന്ന ദിവസമാണിത്. ഇതിൽ പ്രായോഗികമായ കാരണങ്ങളാൽ വി. മൂറോൻ കൂദാശ 40-ാം വെള്ളിയാഴ്ചയിലേക്ക് മാറ്റിയിട്ടുണ്ട്. കാലുകഴുകൽ ശുശ്രൂഷ മേൽപട്ടക്കാർ മാത്രം നടത്തിയാൽ മതി എന്ന് ക്രമീകരണമുണ്ട്. കത്തോലിക്കാസഭയിലും നമുക്ക് കുർബ്ബാനബന്ധമുള്ള പല ഓർത്തഡോക്സ് സഭകളിലും കശ്ശീശന്മാർ കാലുകഴുകൾ ശുശ്രൂഷ നടത്തുന്നതായി അറിയാം. കോനാട്ടു മല്പാൻ അപ്രകാരം നടത്തിയതായി കേട്ടിട്ടുണ്ട്.)

കർത്താവ് തന്നെത്തന്നെ കൂദാശാപരമായി സഭയെ ഏല്പിച്ച പെരുനാൾ എന്ന നിലയിൽ ഏവരും വി. കുർബാനാനുഭവം നടത്തുവാൻ കടപ്പെട്ട ദിവസം. കർത്താവിന്റെ മനുഷ്യാവതാരത്തിന്റെ ലക്ഷ്യവും സ്വഭാവവും കാലുകഴുകൽ ശുശ്രൂഷയിൽ അനാവരണം ചെയ്യപ്പെടുന്നു. ആദാമ്യവർഗ്ഗത്തിന്റെ മാലിന്യങ്ങളെ കഴുകി വെടിപ്പാക്കുവാൻ പുത്രൻതമ്പുരാൻ സ്വർഗ്ഗമഹിമകളെ വെടിഞ്ഞ് താണിറങ്ങി മനുഷ്യന്റെ മുമ്പിൽ കുമ്പിട്ട് അവരുടെ മലിനത നീക്കം ചെയ്തു. മഹത്വം വെടിഞ്ഞതിന്റെ പ്രതീകമായി പുറംകുപ്പായം മാറ്റുമ്പോഴും ഭാവവേഷത്തിന്റെ ഭാഗമായി അരയിൽ തൂവാല കെട്ടുമ്പോഴും ത്രിത്വത്തിലെ രണ്ടാമൻ എന്ന ദാസ്യത്തിന്റെ സഹജഭാവത്തിന്റെ പ്രതീകമായ ശിരോലങ്കാരം വെടിയുന്നില്ല. നാടകീയമായ ആ ശുശ്രൂഷ മനുഷ്യാവതാര വൃത്താന്തത്തിന്റെ സംക്ഷേപമാണ്. മറ്റു ശുശ്രൂഷകൾ എന്നപോലെ ഈ ദൃശ്യവിരുന്ന് മനുഷ്യനെ- വിശ്വാസിയെ – വിനയത്തിന്റെ ക്രിസ്തുസംഭവത്തെ അനുകരിക്കുന്നവരായും പഴയനിയമത്തെ കർത്താവ് സ്വമേനിയിൽ പൂർത്തിയാക്കി പുതിയനിയമം സ്വമേനിയിൽ ആരംഭിച്ചു. ന്യായപ്രമാണത്തെ കവിയുന്ന നീതിബോധവും മൂല്യബോധവും ഈ പെസഹാദർശനം നമ്മിൽ ഏല്പിക്കുന്നു. അതെ, നാം കൂടുതൽ ക്രിസ്തുസദൃശരായിത്തീർന്നിരിക്കുന്നു.

വായനകൾ: വി. യോഹ. 7:37-52, 8:12-20.
വി. മത്തായി 26:17-30, വി. യോഹ. 6:24-40, വി. യോഹ. 6:41-63.
വി. ലൂക്കോസ് 22:1-12, വി. മത്താ. 26:19.

മൂന്നാം മണി. വി. യോഹ. 12:23-36, വി. മർക്കോസ് 14:1-2 + വി. ലൂക്കോസ് 7:36-50.

പുറപ്പാട് 12:1-11, ലേവ്യർ 16:3-10, ആമോസ് 2:4-7, ഏശായ 24:16-18, 50:4-18.
പ്രവൃത്തി 1:15-30, 1 കൊരി. 11:23-34, വി. ലൂക്കോസ് 22:14-30
വി. മത്തായി 26:1-19.

കാലുകഴുകൽ ശുശ്രൂഷ

പുറപ്പാട് 34:18-26, 2 രാജാ. 23:24-25, ഏശായ 50:4-10.

1 പത്രോസ് 3:17-22, എബ്രാ. 10:21-29, വി. യോഹന്നാൻ 13:1-20.

പെസ്ഗോമോ.

ദൈവമാതാവിനോടുള്ള വചനിപ്പ് മാർച്ച് 25 എന്ന് സ്ഥിരീകരിക്കപ്പെട്ടതോടെ ജനപ്പെരുന്നാൾ ഒമ്പത് മാസങ്ങൾക്കുശേഷം ഡിസംബർ 25 എന്ന് അംഗീകരിക്കപ്പെട്ടു. എ.ഡി. 407-ൽ സ്വർണ്ണനാവുകാരനായ ഈവാനിയോസ് ആണ് ഡിസംബർ 25-നെപ്പറ്റി ആദ്യം പ്രസ്താവിച്ച് കാണുന്നത്. പൗരസ്ത്യ സഭയിലും കിഴക്കൻ സഭകളിലും ഈ തീയതിയിലെ ആഘോഷം ആരംഭിച്ചത് പല കാലങ്ങളിലായിട്ടാണ്. ക്രിസ്തുവിന്റെ ജനനം അതിശൈത്യമുള്ള ഒരു രാത്രിയിൽ ആയിരുന്നു. അട്ടിടയന്മാർ അനുഭവിച്ച ആ ശൈത്യം അന്നത്തെ ആരാധനയിലൂടെ നാം അനുഭവിക്കുന്നു. അന്ധകാരയുഗം പ്രകാശത്തെ പ്രസവിച്ചു എന്ന സത്യത്തിന് ഈ ആരാധനയിലൂടെ വിശ്വാസികൾ സാക്ഷികളാകുന്നു.

സന്ധ്യാ. സങ്കീർത്തനം 41:7. 'എന്നെ വെറുക്കുന്നവർ ഒക്കെയും എനിക്കെതിരെ പരസ്പരം മന്ത്രിക്കുന്നു. അവർ എനിക്ക് ദോഷം ചിന്തിക്കുന്നു.'

പ്രഭാതം. സങ്കീർത്തനം 36:1. 'ദുഷ്ടന്റെ ഹൃദയാന്തർഭാഗത്ത് പാപം സംസാരിച്ചുകൊണ്ടിരിക്കുന്നു. അവന്റെ ദൃഷ്ടിയിൽ ദൈവഭയമില്ല.'

മൂന്നാം മണി. സങ്കീ. 41:5. 'അവൻ എപ്പോൾ മരിച്ച് അവന്റെ പേര് നശിക്കും? എന്ന് എന്റെ ശത്രുക്കൾ എന്നെക്കുറിച്ച് ദോഷം പറയുന്നു.'

കാലുകഴുകൽ. സങ്കീ. 51:2. 'എന്നെ നന്നായി കഴുകി എന്റെ അകൃത്യം പോക്കേണമേ. എന്റെ പാപം നീക്കി എന്നെ വെടിപ്പാക്കേണമേ.'

മൂറോൻ കൂദാശ. സങ്കീ. 92:10-11. 'എന്റെ കൊമ്പ് നീ കാട്ടുപോത്തിന്റെ കൊമ്പുപോലെ ഉയർത്തും. പുതിയ എണ്ണ എനിക്ക് പുരട്ടുന്നു.'

ഹാശാ വെള്ളി (വലിയ വെള്ളിയാഴ്ച)

പ്രഭാതം, മൂന്നാം മണി, ആറാം മണി, ഒമ്പതാം മണി എന്നിങ്ങനെ നാല് യാമപ്രാർത്ഥനകളും സ്കീപ്പുസായുടെ ക്രമവും കബറടക്കത്തിന്റെ ക്രമവും അടങ്ങിയതാണ് ഈ ദിവസത്തെ പരസ്യാരാധന. ഹൃദയസ്പൃക്കായ സംവിധാനം കർത്താവിനെ ഗോഗുൽത്തായിലേക്ക് ആനയിക്കുന്നതും മൃതശരീരം അടക്കം ചെയ്യാൻ കൊണ്ടുപോകുന്നതുമായ രണ്ടു പ്രദക്ഷിണങ്ങൾ ഉണ്ട്. വെള്ളിയാഴ്ചയിലെ ക്രിസ്തുസംഭവങ്ങളിൽ വർത്തമാനകാല തലമുറയും പങ്കുകാരാകുന്നു. സ്ലീബാ ആഘോഷവും കബറടക്കവും ഒഴിച്ചുള്ള ആരാധനകൾ എല്ലാം നമസ്കാരമേശയിൽ വച്ച് നടത്തുന്നു. ജനങ്ങളുടെ മദ്ധ്യേ ക്രിസ്തു സഹിച്ച പങ്കപ്പാടുകളാണല്ലോ അന്നത്തെ ആരാധനാവിഷയം. ഒമ്പത് മണിക്കു തുടങ്ങുന്ന ആരാധന ഉദ്ദേശം നാല് മണിയോടെ സമാപിക്കുന്നു. എല്ലാവരും കുരിശു മുത്തുന്ന സമ്പ്രദായം ഈയിടെ ആരംഭിച്ചിട്ടുള്ളത് ആരാധനയുടെ പിരിമുറുക്കം നഷ്ടപ്പെടുത്തുവാനും സമയം ദീർഘിപ്പിക്കുവാനും വില കുറഞ്ഞ വികാരങ്ങളെ ഉത്തേജിപ്പിക്കുവാനും മാത്രമേ ഉതകൂ. വലിയ പള്ളികളിലെങ്കിലും അത് നിരുത്സാഹപ്പെടുത്തുകയാണ് വേണ്ടത്. പള്ളിയിൽ ഔദ്യോഗികമായി എല്ലാവർക്കും കയ്പു പാനീയം വിതരണം ചെയ്യുമ്പോൾ പുറത്ത് മധുര പാനീയങ്ങൾ വിതരണം ചെയ്യുന്നതിലെ വൈരുദ്ധ്യം ശ്രദ്ധിക്കപ്പെടേണ്ടതാണ്. സുദീർഘമായ ആരാധന ആരിലും മടുപ്പുളവാക്കുന്നില്ല. എല്ലാവരും പുസ്തകം ഉപയോഗിച്ച് പാടുന്നതാവാം കാരണം. ഒരു മരണവീട്ടിൽ നിന്നെന്നപോലെയാണ് എല്ലാവരും ആരാധന കഴിഞ്ഞ് പുറത്തുവരുന്നത്. ഒരു കാലത്ത് ശനിയാഴ്ചയുടെ സന്ധ്യാനമസ്കാരവും കൂടി കഴിഞ്ഞേ ആളുകൾ പിരിഞ്ഞിരുന്നുള്ളു. മനുഷ്യവർഗ്ഗ രക്ഷയ്ക്കുവേണ്ടി ദൈവപുത്രൻ മരണം വരിച്ച സംഭവം ആഴത്തിൽ പതിയത്തക്കവിധം ആണ് അന്നത്തെ ദൃശ്യവും ശ്രാവ്യവും ആയ അനുഷ്ഠാനങ്ങൾ സംവിധാനം ചെയ്തിട്ടുള്ളത്. കർത്താവിനെ കുരിശിച്ച ഗോഗുൽത്തായിലെ കുരിശിന്റെ പ്രതീകമാണ് അന്ന് നാം ആഘോഷിക്കുകയും ആദരിക്കുകയും ചെയ്യുന്ന കുരിശ് എന്ന ചിന്ത വിസ്മരിക്കുവാൻ പാടില്ല; കുരിശിക്കപ്പെട്ട ക്രിസ്തുവിന്റെ പ്രതീകം എന്നും പറയാം.

ഓരോ യാമങ്ങളിലെയും കൗമ്മാകൾ വ്യത്യസ്തമാണ്. ചില യാമങ്ങളിലെ കൗമ്മാകൾ ആരംഭത്തിലും അന്ത്യത്തിലും വ്യത്യസ്തമാണ്. കുരിശാരോഹണ സമയത്ത് സൂര്യൻ അന്ധകാരപ്പെട്ട് ഇരുട്ടുണ്ടായി എന്നു കാണിക്കാനാണ് പള്ളിയകം കുന്തുരുക്കപ്പുകകൊണ്ട് നിറയ്ക്കുന്നത്. പിന്നീട് മറയിട്ട് വീണ്ടും ഇരുട്ട് സൃഷ്ടിക്കുന്നതിലെ ആവർത്തനം ഒഴിവാക്കേണ്ടതാണ്. ആരാധന ദൃശ്യവത്ക്കരിക്കുന്നതിന്റെ ഭാഗമായി 'സൊഗദീനാൻ' ചൊല്ലുന്നതു മുതൽ കുരിശ് കിടത്തുന്നതിന് ഔചിത്യം കൂടും. ദീർഘശുശ്രൂഷ ആയതിനാൽ വെള്ളിയാഴ്ച

യുടെ പ്രോഗ്രാം നോട്ടീസ് ബോർഡിലും മറ്റും പരസ്യപ്പെടുത്തുന്നത് അഭിലഷണീയം. അനുവദിക്കുന്ന ഇടവേളയിൽ ആരാധനയുടെ അന്തരീക്ഷം നഷ്ടപ്പെടാതെ സൂക്ഷിക്കേണ്ടതാണ്. നോമ്പുകാലം നൽകുന്ന ആത്മീയ വളർച്ച ഈ ദിവസത്തെ ആരാധനയിൽ നിന്ന് പ്രാപിക്കുവാൻ കഴിയണം. ആളുകൾക്ക് കുടിക്കുവാൻ നൽകുന്ന പാനീയം ചൊറുക്കായും ചെന്നിനായകവും മറ്റും ചേർത്ത മിശ്രിതമാണ്. അത് നേരത്തെ തയാറാക്കണം. കുരിശിൽ നിന്നുള്ള അനുഗ്രഹത്തിന്റെ പ്രതീകമാണ് അത്. അതിനെ നിസ്സാരമായി കാണാൻ പാടുള്ളതല്ല.

(ദുഃഖവെള്ളിയാഴ്ചയുടെ ആരാധനയിൽ ഓർത്തഡോക്സ് സഭ പുലർത്തുന്ന അവധാനത കണ്ട് എല്ലാ കൊല്ലവും നമ്മുടെ ആരാധനയിൽ രഹസ്യമായി പങ്കെടുക്കുന്ന ഒരു ബ്രദർ മിഷൻ സുവിശേഷകനെ അറിയാം, ഉപദേശപരമായി വിയോജിപ്പുണ്ടെങ്കിലും ആരാധനയുടെ മികവുകൊണ്ട് ഓർത്തഡോക്സ് സഭ തന്നെ കീഴ്പ്പെടുത്തുന്നു എന്ന് അദ്ദേഹം സാക്ഷിക്കുമായിരുന്നു. ദുഃഖവെള്ളിയാഴ്ച ആരാധനയിൽ ഹാജർനില വർദ്ധിക്കുന്നതും ഇതുകൊണ്ടു തന്നെ. ക്രിസ്തുവിന്റെ കുരിശാരോഹണം മനുഷ്യമനസ്സാക്ഷിയെ ഞെട്ടിച്ച സംഭവം ആണ് എന്ന് മലയാളത്തിൽ എഴുതപ്പെട്ട പ്രസിദ്ധ കവികളുടെ ദുഃഖവെള്ളിയാഴ്ച കവിതകൾ സാക്ഷ്യപ്പെടുത്തുന്നു (ഈ ഗ്രന്ഥകാരൻ ആദ്യമെഴുതിയത് കവിതയാണ്. മാതൃഭൂമി ആഴ്ചപ്പതിപ്പിൽ അത് 1965-ൽ പ്രസിദ്ധീകരിച്ചു. അതിന്റെ വിഷയം 'ദുഃഖവെള്ളി' ആയിരുന്നു.).

വെള്ളിയാഴ്ച മനുഷ്യന്റെ വീഴ്ച; വെള്ളിയാഴ്ച വീഴ്ചയുടെ പരിഹാരം, വെള്ളിയാഴ്ച അതിന്റെ അനുസ്മരണം. മാർ ദീവന്നാസ്യോസ് ബർസ്ലീബി നൂറ്റാണ്ടുകൾക്കു മുമ്പേ രചിച്ച പ്രുമിയോനുകളിൽ അന്തർഭവിച്ച വേദവ്യാഖ്യാനപാടവം അതിസൂക്ഷ്മവും ഭക്തിയെ തൊട്ടുണർത്തുന്നതുമായി നാം അനുഭവിക്കുന്നു. നോമ്പുകാലത്തിന്റെ സമ്പന്നമായ അനുഭവം വലിയ വെള്ളിയാഴ്ചയിലെ ആരാധനയായി മനസ്സിൽ അവശേഷിക്കുന്നു. ക്രിസ്തുവിന്റെ കുരിശാരോഹണത്തിന് ഏറെക്കുറെ അക്ഷരാർത്ഥത്തിൽത്തന്നെ നാം ദൃക്സാക്ഷികൾ ആവുകയാണ്. വേദപുസ്തകവായനയിൽ നിന്ന് ലഭിക്കുന്ന അനുഭൂതികൾ അന്നത്തെ ആരാധനാനുഷ്ഠാനങ്ങളിൽ നിന്ന് ലഭിക്കുന്ന അനുഭൂതിയോട് തട്ടിച്ചുനോക്കുമ്പോൾ എത്രയോ ശുഷ്കം.

വായനകൾ: സന്ധ്യ. വി. ലൂക്കോസ് 22:1-30, രാത്രി. ഒന്നാം കൗമ്മാ. വി. മത്തായി 26:31-46. രണ്ടാം കൗമ്മാ. വി. മത്തായി 24:48 + വി. മർക്കോസ് 14:27-52. മൂന്നാം കൗമ്മാ. വി. യൂഹാനോൻ 18:12-15 + വി. മർക്കോസ് 22:31-62.

ലേവ്യ 4:1-7, സംഖ്യ 19:1-11, സഖറിയാ 13:7-14:5, ഹബക്കൂക്ക് 1:1-12, എസക്കിയേൽ 13:17-22, 2 രാജാ. 19:20-29.

പ്രവൃത്തി 22:30-23:16, 1 കൊരി. 1:18-31, വി. മത്തായി 27:1-14 + വി. മർക്കോസ് 15:1-10 + വി. ലൂക്കോസ് 22:66-71, യോഹന്നാൻ 18:28-40.

വി. മത്തായി 27:26-30 + വി. മർക്കോസ് 15:21-22 + വി. ലൂക്കോസ് 23:26-29 + വി. യോഹന്നാൻ 19:15-22.

വി. മത്തായി 27:38-44 + വി. മർക്കോസ് 15:29-32 + വി. ലൂക്കോസ് 23:34-43 + വി. യൂഹാനോൻ 19:15-22.

വി. മത്തായി 27:45-56, വി. മർക്കോസ് 15:33-41 + വി. ലൂക്കോസ് 23:44-49 + വി. യൂഹാനോൻ 19:23-30.

സ്ലീബാ വന്ദനവ്

ഉല്പത്തി 22:1-14, പുറപ്പാട് 17:8-16, യോശുവാ 8:18-25, യെഹസ്കിയേൽ 24:1-17, ഏശായ 52:13-53:8.

1 പത്രോസ് 2:19-25, ഗലാത്യർ 2:21-3:14 + 6:1-18.

വി. ലൂക്കോസ് 23:24-45 + വി. മത്തായി 27:51-54, വി. യോഹന്നാൻ 19:23-42, വി. മത്തായി 27:27-60.

പെസ്ഗോമോ.

സങ്കീ. 22:12. 'അനേകം കാളകൾ എന്നെ വളഞ്ഞു. കരുത്തുള്ള ബാശാൻ കാളകൾ എന്നെ ചുറ്റിയിരിക്കുന്നു.'

പാ. സങ്കീ. 22:16. "നായ്ക്കൾ എന്നെ വളഞ്ഞു. ദുഷ്ടന്മാരുടെ കൂട്ടം എന്നെ ചുറ്റിയിരിക്കുന്നു. അവർ എന്റെ കൈകളും കാലുകളും തുളച്ചു.'

പ്രഭാതം. സങ്കീ. 38:11. "എന്റെ സ്നേഹിതന്മാരും കൂട്ടുകാരും എന്റെ ബാധ കണ്ട് മാറിനിൽക്കുന്നു; എന്റെ ബന്ധുക്കളും അകന്നു നിൽക്കുന്നു.'

മൂന്നാം മണി. സങ്കീ. 60:8. 'മോവാബ് എനിക്കു കഴുകുവാനുള്ള പാത്രം, ഏദോമിന്മേൽ ഞാനെന്റെ ചെരിപ്പ് എറിയും. ഫെലിസ്ത്യദേശത്തിന്മേൽ ഞാൻ ജയഭേരി മുഴക്കും.'

ഉച്ച. സങ്കീ. 69:21. 'അവർ എനിക്ക് ഭക്ഷിക്കുവാൻ കയ്പു തന്നു; എന്റെ ദാഹത്തിന് അവർ എനിക്ക് ചൊറുക്കാ കുടിക്കുവാൻ തന്നു.'

ഒമ്പതാം മണി. സങ്കീ. 22:7. 'എന്നെ കാണുന്നവരൊക്കെയും എന്നെ പരിഹസിക്കുന്നു; അവർ അധരം മലർത്തി തല കുലുക്കുന്നു.'

സ്ലീബാ വന്ദനവ്. സങ്കീ. 22:18. 'എന്റെ വസ്ത്രം അവർ പകുത്തെടുത്തു. എന്റെ അങ്കിക്കായി അവർ ചീട്ടിടുന്നു.'

(മാർച്ച് 25-ന് വലിയ വെള്ളിയാഴ്ച വന്നാൽ അത് സൂബോറോ ആയതുകൊണ്ട് പെരുന്നാൾ മുറയിൽ വി. കുർബ്ബാന അനുഷ്ഠിക്കണം. നമസ്കാരങ്ങൾക്ക് പെങ്കീസായുടെ ക്രമമോ മറ്റോ നാലാം നിറത്തിൽ ഉപയോഗിക്കണം. പരസ്യമായി സൂബോറോയുടെ നമസ്കാരം വായിക്കണം. അതിനുശേഷം പട്ടക്കാരും ശെമ്മാശന്മാരും രഹസ്യമായി വലിയ വെള്ളിയാഴ്ചയുടെ നമസ്കാരം ഹാശാ ശൈലിയിൽ പൂർത്തീകരിക്കണം. കാലത്ത് പെരുന്നാൾ മുറയിൽ വി. കുർബ്ബാന അർപ്പിച്ചു കഴിഞ്ഞാൽ അര മണിക്കൂറോ ഒരു മണിക്കൂറോ കഴിഞ്ഞ് വലിയ വെള്ളിയാഴ്ചയുടെ പ്രാർത്ഥനക്രമവും സ്ലീബാ ആരാധനയും കബറടക്ക ശുശ്രൂഷയും നടത്തണം. പതിവുപോലെയുള്ള കുമ്പിടീലും നടത്തണം. ദുഃഖവെള്ളിയാഴ്ച സൂബോറോ വന്നാൽ പെരുന്നാൾമുറയിൽ വി. കുർബ്ബാനയും മറ്റും അനുഷ്ഠിക്കണമെന്നല്ലാതെ ദുഃഖവെള്ളിയാഴ്ചയുടെ നമസ്കാരവും കുമ്പിടീലുകളും പ്രുമിയോൻ വായനയും നടത്തുവാൻ പാടില്ലെന്ന് മല്പാന്മാരും പിതാക്കന്മാരും നിർദ്ദേശിച്ചിട്ടില്ലാത്തതിനാലാണ് ഈ സ്വാതന്ത്ര്യം ഈ ഗ്രന്ഥകാരൻ ഇവിടെ സ്വീകരിക്കുന്നത്. ദുഃഖവെള്ളിയാഴ്ചയിലെ ശുശ്രൂഷകൾക്ക് നേതൃത്വം വഹിക്കുന്ന പട്ടക്കാർക്ക് അന്നത്തെ ആരാധനാന്തരീക്ഷത്തിൽ പൂർണ്ണമായി മുഴുകുവാൻ സന്ധ്യയിലെ നമസ്കാരവും പ്രുമിയോനും ഏവൻഗേലിയോനും മറ്റും അപരിത്യാജ്യമാണെന്ന് ഈ ഗ്രന്ഥകാരൻ കരുതുന്നു. നിയമദൃഷ്ട്യാ സൂബോറോയ്ക്ക് പ്രാധാന്യം വരുമെങ്കിലും അനുഷ്ഠാനദൃഷ്ട്യാ വലിയ വെള്ളിയാഴ്ചയുടെ ആരാധനയ്ക്ക് തന്നെയാണ് പ്രാധാന്യം. ആരാധനാവർഷത്തിൽ നവംബർ മാസത്തിൽ സൂബോറോ നാം ആഘോഷിച്ചതാണ്. വലിയ വെള്ളിയാഴ്ച ആരാധനാവർഷത്തിൽ ഒരിക്കലേ ഉള്ളൂ എന്നിത്യാദി കാര്യങ്ങളും ഇതോടുചേർത്ത് പരിഗണിക്കേണ്ട വസ്തുതകൾ ആണ്.)

അറിയിപ്പിന്റെ ശനി

പരേതരുടെ ഓർമ്മദിവസം കൂടെയാണിത്. കർത്താവ് പാതാളത്തിൽ മൃതരോട് സുവിശേഷിച്ചതാണിതിന്റെ പശ്ചാത്തലം. വാങ്ങിപ്പോയവരുടെ അവസ്ഥ പഠിക്കാൻ അനുയോജ്യമായ ദിവസം. മരണഭയത്തിൽനിന്ന് വിമുക്തരാകുവാൻ സഹായിക്കുന്നു. ശവക്കുഴിക്കപ്പുറമുള്ള ജീവിതത്തെപ്പറ്റി പ്രത്യാശ നാം പ്രാപിക്കുന്നു. ഈ പ്രത്യാശയിലാണ് സഹദേന്മാരും മറ്റും നിർഭയമായി മരണം വരിച്ചത്. വലിയ വെള്ളിയാഴ്ചയിലെ ദീർഘാരാധനയുടെ ക്ഷീണം മൂലം ശനിയാഴ്ചയിലെ ആരാധന 'ശ്ലോക'ത്തിൽ കഴിക്കാൻ പാടില്ല. കുർബ്ബാനയോടെ ഹാശായുടെ മുറകൾ എല്ലാം അവസാനിക്കുന്നു. ശുബ്ക്കോനോ ശുശ്രൂഷയുടെ ദിവസം ഇതാണ്.

വി. മത്തായി 27:57-61 + വി. മർക്കോസ് 15:42-16:1 + വി. ലൂക്കോസ് 23:50-24:12 + വി. യോഹന്നാൻ 19:31-42, വി. മത്തായി 27:62-66.

ഉല്പത്തി 8:1-12, സഖറിയാ 12:11-13:13, ആമോസ് 6:8-14, ന്യായാധിപന്മാർ 7:9-15, ഏശായ 59:13-18.

പ്രവൃത്തി 3:11-21, റോമർ 6:1-11, എബ്രായർ 13:20-21.

വി. മത്തായി 27:57-61, വി. മർക്കോസ് 15:42-16:1 + ലൂക്കോസ് 23:50-24:12 + യൂഹാനോൻ 19:31-42.

ശുബ്ക്കോനോ. വി. മത്തായി 18:12-22.

ഒമ്പതാം മണി നമസ്കാരം ഉൾപ്പെടെ പൂർത്തിയാക്കിയതിനു ശേഷമാണ് വി. കുർബ്ബാന അനുഷ്ഠിക്കുന്നത്. ഹാശായുടെ മുറയിലാണ് കുർബ്ബാനാർപ്പണം.

പെസ്ഗോമോ.

സ. സങ്കീ. 88:5. 'ശവക്കുഴിയിൽ കിടക്കുന്ന ഹതന്മാരെപ്പോലെ എന്നെ മരിച്ചവരുടെ കൂട്ടത്തിൽ ഉപേക്ഷിച്ചിരിക്കുന്നു. ....'

പാ. പ്രഭാതം. 88:3-4. 'എന്റെ പ്രാണൻ കഷ്ടതകൊണ്ട് നിറഞ്ഞിരിക്കുന്നു. എന്റെ ജീവൻ പാതാളത്തോട് സമീപിക്കുന്നു; കുഴിയിൽ ഇറങ്ങുന്നവരുടെ കൂട്ടത്തിൽ എന്നെ എണ്ണിയിരിക്കുന്നു; ഞാൻ ബലമില്ലാത്ത മനുഷ്യനെപ്പോലെയാകുന്നു.'

3, 6, 9. സങ്കീ. 88:10-11, 'നീ മരിച്ചവർക്ക് അത്ഭുതങ്ങൾ കാണിച്ചുകൊടുക്കുമോ? മൃതന്മാർ എഴുന്നേറ്റ് നിന്നെ സ്തുതിക്കുമോ? ശവക്കുഴിയിൽ നിന്റെ ദയയെയും വിധാനത്തിൽ നിന്റെ വിശ്വസ്തതയെയും വർണ്ണിക്കുമോ?'

കുർബ്ബാന. സങ്കീ. 68:1. 'ദൈവം എഴുന്നേൽക്കട്ടെ. അവന്റെ ശത്രുക്കൾ ചിതറിപ്പോകട്ടെ. അവനെ വെറുക്കുന്നവരും അവന്റെ മുമ്പിൽനിന്ന് ഓടിപ്പോകട്ടെ.'

വി. കുർബ്ബാന കഴിഞ്ഞാൽ പിന്നീട് ഉടനെ നടത്തുന്ന ശുബ്ക്കോനോ ശുശ്രൂഷയിലും മറ്റും ഹാശാ ശുശ്രൂഷകൾ പാലിക്കേണ്ട ആവശ്യമില്ല.

(തുടരും)




കോട്ടയം മെത്രാസനം ത്രിതല പഞ്ചായത്ത് വിജയികൾക്ക് അനുമോദനം നൽകി.



പത്രോസ് മാർ ഒസ്താത്തിയോസിന്റെ 53-ാമത് ഓർമ്മപെരുന്നാൾ

കണ്ടനാട്: സ്ലീബാ ദാസ സമൂഹ സ്ഥാപകനും മലബാർ ഭദ്രാസന പ്രഥമ മെത്രാപ്പോലീത്തായും വൈക്കം സത്യാഗ്രഹം ഉൾപ്പെടെ സാമൂഹിക നവോത്ഥാന രംഗങ്ങളിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച മൂക്കഞ്ചേരിൽ പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ 53- ാമത് ശ്രാദ്ധപ്പെരുന്നാൾ കണ്ടനാട് കർമ്മേൽ ദയറായിൽ ഫെബ്രുവരി 1, 2 തീയതികളിൽ ആചരിച്ചു. സന്ധ്യാനമസ്ക്കാരത്തിന് ഡോ. ഗീവർഗീസ് മാർ കൂറിലോസ്, ഡോ. യാക്കോബ് മാർ ഐറേനിയോസ്, ഡോ.ജോഷ്വ മാർ നിക്കോദീമോസ്, ഡോ. ഗീവർഗീസ് മാർ യൂലിയോസ് എന്നീ മെത്രാപ്പോലീത്താമാർ നേതൃത്വം നൽകി. തുടർന്ന് അഖില മലങ്കര ബാലസമാജം വൈസ് പ്രസിഡന്റ് റവ.ഫാ. ബിജു.പി.തോമസ് അനുസ്മരണ പ്രഭാഷണം നടത്തി. പിന്നീട് അഭി. തിരുമേനിമാർ ശ്ലൈഹീ കവാഴ്വും ആശിർവാദവും നടത്തി. മായൽത്തോ പെരുന്നാൾ കൂടി ആയ ഫെബ്രുവരി 2 ന് വി.കുർബ്ബാനയ്ക്ക് സ്ലീബാദാസ സമൂഹ അദ്ധ്യക്ഷൻ ഡോ. യാക്കോബ് മാർ ഐറേനിയോസ് പ്രധാന കാർമികത്വം വഹിച്ചു.

സി. വി. ജേക്കബ് അന്തരിച്ചു



കൊച്ചി: പ്രമുഖ വ്യവസായിയും സിന്തൈറ്റ് ഗ്രൂപ്പ് ഓഫ് കമ്പനീസ് സ്ഥാപകനും ചെയർമാനുമായ സി. വി. ജേക്കബ്(87) അന്തരിച്ചു. വാർധക്യസഹജമായ രോഗത്തെത്തുടർന്ന് കുറച്ചുനാളായി ചികിത്സയിലായിരുന്നു. സംസ്കാരം കോലഞ്ചേരി സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾ ഓർത്തഡോക്സ് പള്ളിയിൽ നടന്നു.

തിരുവാണിയൂർ മേപ്പാടത്ത് ഏലിയാമ്മ ജേക്കബ് ആണ് ഭാര്യ. മക്കൾ: ഡോ. വിജു ജേക്കബ് (മാനേജിങ് ഡയറക്ടർ, സിന്തൈറ്റ് ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്), അജു ജേക്കബ് (ഡയറക്ടർ, സിന്തൈറ്റ്), എൽവി നൈനാൻ, സിൽവി മാണി, മിന്ന ജോർജ്, മിന്നി സജീവ്. മരുമക്കൾ: മിനി വർഗീസ്, രഹന ജേക്കബ്, നൈനാൻ ഫിലിപ്പ് (ഡയറക്ടർ, സിന്തൈറ്റ്), മാണി വർഗീസ് (ഡയറക്ടർ, സിന്തൈറ്റ്), ജോർജ് മത്തായി, ഡോ. സജീവ് ജോർജ് (എംഒഎസ്സി മെഡിക്കൽ കോളജ്, കോലഞ്ചേരി).

കൊച്ചി രാജ്യാന്തര വിമാനത്താവളം (സിയാൽ) ഡയറക്ടറാണ്. സ്പൈസസ് ബോർഡ് വൈസ് ചെയർമാൻ, കോലഞ്ചേരി മെഡിക്കൽ കോളജ് സ്പെഷൽ കമ്മിറ്റി ചെയർമാൻ തുടങ്ങിയ പദവികൾ വഹിച്ചു. 1949 ൽ പതിനേഴാം വയസ്സിൽ, ഏലയ്ക്ക വ്യാപാരത്തിലൂടെയാണ് സംരംഭകരംഗത്ത് തുടക്കമിടുന്നത്.


ആദ്യകാലത്ത് വർക്കി സൺസ് എൻജിനിയേഴ്സ് എന്ന പങ്കാളിത്ത കമ്പനിക്കു കീഴിൽ ഒട്ടേറെ ജലവൈദ്യുതി, റോഡ്, പാലം പദ്ധതികളുടെ കരാറുകാരനായി. ഇടുക്കി അണക്കെട്ടിലെ മൂലമറ്റം ഭൂഗർഭ പവർ ഹൗസിലേക്കുള്ള ഉള്ളടണൽ നിർമ്മാണം നടത്തിയത് ഈ കമ്പനിയാണ്. ഇതിനു ശേഷമാണ് പ്രമുഖ സുഗന്ധവ്യഞ്ജന കമ്പനിയായ സിന്തൈറ്റ് സ്ഥാപിച്ചത്.

സുഗന്ധവ്യഞ്ജനങ്ങളിൽനിന്ന് സംസ്കരിച്ചെടുക്കുന്ന വിവിധയിനം സത്തുകളായ ഒലിയോറെസിൻസിന്റെ ലോകത്തെ ഏറ്റവും വലിയ കമ്പനിയാണ് സിന്തൈറ്റ്. ഒലിയോറെസിന്റെ ആഗോള വിപണിയുടെ മൂന്നിലൊന്നും സിന്തൈറ്റിന്റേതാണ്. കിച്ചൺ ട്രഷേഴ്സ് സ്പ്രിഗ്, വീദാ, പോൾ ആൻഡ് മൈക് മിൽക് ചോക്ലേറ്റ്സ് തുടങ്ങിയ സിന്തൈറ്റിന്റെ പ്രമുഖ ബ്രാൻഡുകളാണ്.

കടയിരുപ്പ് എന്ന ചെറുഗ്രാമത്തിൽ ആരംഭിച്ച സിന്തൈറ്റിന് ഇന്ന് കേരളത്തിനു പുറമേ ആന്ധ്ര, തമിഴ്നാട്, കർണാടക, ഗുജറാത്ത്, രാജസ്ഥാൻ എന്നിവിടങ്ങളിലും ഇന്ത്യയ്ക്ക് പുറത്ത് ചൈന, ശ്രീലങ്ക, വിയറ്റ്നാം, യുക്രെയ്ൻ, ബ്രസീൽ എന്നിവിടങ്ങളിൽ ഫാക്ടറികളും യുഎസിലും യൂറോപ്പിലെ പല രാജ്യങ്ങളിലും വിപണന ഓഫിസുകളും ഉണ്ട്.

1976–77 മുതൽ ഏറെക്കാലം ഏറ്റവും മികച്ച കയറ്റുമതിക്കാരനുള്ള കേന്ദ്ര സർക്കാർ ബഹുമതി രാഷ്ട്രപതിയിൽനിന്ന് ലഭിച്ചു. സിന്തൈറ്റ് ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്, ഇന്റർഗ്രോ ഫുഡ്സ് ആൻഡ് ബവ്റിജസ് പ്രൈവറ്റ് ലിമിറ്റഡ്, സിമേഗാ ഫ്ലേവേഴ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, സിന്തൈറ്റ് ഇൻഫ്രസ്ട്രക്ചർ പ്രോജക്റ്റ്സ് പ്രൈവറ്റ് ലിമിറ്റഡ്, ഹെർബൽ ഐസോലൈറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ്, റമദ റിസോർട്സ് കൊച്ചി, റിവേറിയ സ്യൂട്സ് തേവര എന്നിവയുടെ സ്ഥാപകനാണ്.

വ്യവസായിക രംഗത്തിനു പുറമേ കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളജ് സെക്രട്ടറി, കോലഞ്ചേരി മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ കോളജ് ഉപദേശകൻ, എക്സിക്യൂട്ടീവ് അംഗം, പീരുമേട് മാർ ബസേലിയോസ് ക്രിസ്ത്യൻ കോളജ് ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജി വൈസ് ചെയർമാൻ, കടയിരുപ്പ് ഗവ. ഹയർ സെക്കൻഡറി സ്കൂൾ അഡ്വൈസർ, കടയിരുപ്പ് സെന്റ് പീറ്റേഴ്സ് സീനിയർ സെക്കൻഡറി സ്കൂൾ മാനേജർ തുടങ്ങിയ നിലകളിലും പ്രവർത്തിച്ചു.





മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

അതിജീവനത്തിന്റെ നൂറ്റാണ്ടുകൾ

ഡോ. എം. കുര്യൻ തോമസ്

മലങ്കര നസ്രാണികൾക്ക് ഒരു പൈതൃകമുണ്ട്. ക്രിസ്തുശിഷ്യനായ തോമസ് അപ്പോസ്തോലനാൽ ക്രിസ്തുവർഷം ഒന്നാം നൂറ്റാണ്ടിൽ ക്രിസ്തുമാർഗ്ഗത്തിലേയ്ക്കു നയിക്കപ്പെട്ട് ഇരുപത് നൂറ്റാണ്ടുകാലം ആ പാതയിൽ അഭംഗുരം ചരിച്ച മഹത്തായ പൈതൃകം. *നിങ്ങൾക്ക് ഗുരുക്കന്മാർ അനേകമുണ്ടെങ്കിലും പിതാക്കന്മാർ ഏറെയില്ല* (1. കോരിന്ത്യർ 4: 15) എന്ന ക്രിസ്തുവചനത്തിൽനിന്നും അണുവിട മാറാതെ തങ്ങളെ ആത്മാവിൽ ജനിപ്പിച്ച ഏക പിതാവായ മാർ തോമാ ശ്ലീഹായോടുള്ള പിതൃഭക്തി എല്ലാ പ്രതികൂല സാഹചര്യങ്ങളിലും പരസ്യമായി പ്രഖ്യാപിച്ച് നിലനിർത്തിയ, തങ്ങളുടെ വ്യക്തിത്വം *മാർത്തോമ്മായുടെ വഴിപാടും മാർഗ്ഗവു*മാണെന്നു പരസ്യമായി പ്രഖ്യാപിച്ച പിതൃത്വ വന്ദനം.

മലങ്കര നസ്രാണികൾക്ക് മഹത്തായ ഒരു പാരമ്പര്യമുണ്ട്. റോമാ സാമ്രാജ്യത്തിൽ ക്രിസ്തു മാർഗ്ഗക്കാർ *ക്രിസ്ത്യാനികൾ* എന്നറിയപ്പെട്ടപ്പോൾ (അപ്പോ. പ്രവർത്തികൾ 11: 26) അതിനേക്കാൾ പഴക്കമുള്ള കേരളത്തിലെ ക്രിസ്തുമാർഗ്ഗക്കാർ *നസ്രാണികൾ* എന്ന സംജ്ഞയാലാണ് വ്യവഹരിക്കപ്പെട്ടത്. നസ്രായനായ യേശുവിന്റെ അനുയായികൾ (മത്തായി 26: 71) എന്ന നിലയിൽ അതിനും വേദാടിത്തറയുണ്ട്. മദ്ധ്യകാലഘട്ടത്തിൽ അധിനിവേശ യൂറോപ്യൻ ക്രിസ്ത്യൻ ശക്തികളെക്കൊണ്ടുപോലും തങ്ങളെ *നസ്രാണി* എന്നു സംബോധന ചെയ്യിച്ച ശക്തമായ സ്വത്വബോധമുള്ള ഒരു പരിമിത സമൂഹം. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും തങ്ങളുടെ മാർത്തൊാമ്മൻ പൈതൃകത്തിലും നസ്രാണി സ്വത്വത്തിലും ദേശീയതയിലും ഊറ്റംകൊള്ളുന്ന ഒരു ചെറിയ സമൂഹം.

മലങ്കര നസ്രാണികൾക്ക് ഒരു ചരിത്രമുണ്ട്. ഔദ്യോഗിക മതമെന്ന പരിരക്ഷയോ രാജ്യദ്രോഹികളെന്ന മുദ്രയോ ലഭിക്കാതെ ഇരുപത് നൂറ്റാണ്ടുകാലം നിലനിന്ന മറ്റൊരു ക്രിസ്തുമാർഗ്ഗവും ഭൂമുഖത്തില്ല. കേരളത്തിൽ മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച ക്രിസ്തുമാർഗ്ഗം പ്രാദേശിക സംസ്കൃതിയിൽനിന്നോ രാഷ്ട്രീയ-ഭരണ സംവിധാനത്തിൽനിന്നോ അന്യമായില്ല എന്നതാണ് അതിനു ഹേതു. കേരളത്തിൽ നസ്രാണി മാർഗ്ഗം നിലനിന്നതും വികസിച്ചതും ഇന്ത്യൻ സംസ്കൃതിയിൽനിന്നും സ്വയം അന്യമാക്കുന്ന ഒരു വൈദേശിക ജീവിതശൈലിയായോ അധികാര സംവിധാനമായോ ആയിരുന്നില്ല. മറിച്ച്, ഉദാത്തമായ ഒരു ആശയസംഹിതയുടെ പ്രാദേശികമായ സ്വാംശീകരണവും വികസനവുമായി മാത്രമായിരുന്നു. ഒരു അധികാര സംഘർഷത്തിനുള്ള സാദ്ധ്യത അതിൽ ഒട്ടും ഇല്ലായിരുന്നു. ഇത്തരം ഒരു സംവിധാനം ഇന്ത്യൻ സംസ്ക്കാരത്തിന് അന്യമല്ലായിരുന്നു. അതിനാൽത്തന്നെ മദ്ധ്യകാലഘട്ടം വരെ നസ്രാണിത്വം ക്രമാതീതമായി വളരുകയോ മതപരമായ കാരണങ്ങളാൽ അടിച്ചമർത്തപ്പെടുകയോ ചെയ്തില്ല.

കേരളത്തിന്റെ രാഷ്ട്രീയ-സാമൂഹ്യ വഴിത്തിരിവുകൾക്കനുസരിച്ച് നസ്രാണികളും അതിനനുസൃതമായി സ്വയം ക്രമീകരിക്കുന്നതായി ആണ് ചരിത്രം ചൂണ്ടിക്കാട്ടുന്നത്. ക്രിസ്തുവർഷം ഒന്നാം നൂറ്റാണ്ടിൽ കേരളത്തിലെ അന്താരാഷ്ട്ര തുറമുഖങ്ങളിലെ യഹൂദരടക്കമുള്ള വിദേശ വർത്തക സമൂഹങ്ങൾ വഴിയാണ് ക്രിസ്തുമാർഗ്ഗം കേരളത്തിൽ വേരുറപ്പിച്ചത് എന്ന വസ്തുത മലങ്കര നസ്രാണികൾക്ക് ഒരു വ്യാപാര പശ്ചാത്തലമുണ്ടായിരുന്നു എന്നത് വ്യക്തമാക്കുന്നു. ഒന്നാം സഹസ്രാബ്ദത്തിലെ വിവിധ പേർഷ്യൻ കുടിയേറ്റ ങ്ങളടക്കമുള്ള കാരണങ്ങൾ നസ്രാണികളെ പിന്നീട് വാണിജ്യ മേഖലയിൽ ശക്തരാക്കി. ഇക്കാലത്ത് കേരളത്തിൽ രൂപംകൊണ്ട നമ്പൂതിരി-കേന്ദ്രീകൃത സാമൂഹിക വ്യവസ്ഥിതി കേരളത്തിലെ തൊഴിൽക്കൂട്ടങ്ങളെ അതേ തൊഴിൽ കുലധർമ്മമായ ജാതികളും ഉപജാതികളുമായി കേരളീയ ജാതിവ്യവസ്ഥയിൽ പ്രതിഷ്ഠിച്ചപ്പോൾ നസ്രാണികൾ കച്ചവടം കുലധർമ്മമായ വൈശ്യരായി ആ സാമൂഹ്യവ്യവസ്ഥിതിയുടെ ഭാഗമായി. നമ്പൂതിരി-കേന്ദ്രീകൃത സാമൂഹിക വ്യവസ്ഥിതിയുടെ തീണ്ടലും തൊടീലും പൂണൂലാദി ബാഹ്യചിഹ്നങ്ങളും നസ്രാണി അംഗീകരിച്ചപ്പോൾ നസ്രാണിക്ക് ഈ സംവിധാനത്തിൽ നസ്രാണിമാർഗ്ഗവും



ഉൾഭരണ സ്വാതന്ത്ര്യവും നിലനിർത്താനായി. പതിനഞ്ചാം നൂറ്റാണ്ടുവരെ കാര്യമായ സംഘർഷങ്ങളില്ലാതെ ഈ സംവിധാനം നിലനിന്നു.

ക്രിസ്തുവർഷം 313-ലെ മിലാൻ വിളംബരം മൂലം ക്രിസ്തുമതം റോമാ സാമ്രാജ്യത്തിലെ ഔദ്യോഗിക മതമായി. ഇതിനേത്തുടർന്നാണ് ക്രിസ്തുമതത്തിന്റെ ഇന്നു കാണുന്ന എപ്പിസ്ക്കോപ്പായിൽ കേന്ദ്രീകരിച്ച ഘടന (Structure) രൂപംകൊള്ളുന്നത്. നാല് പ്രവിശ്യകളും അവയ്ക്കുതാഴെ അനേകം ഉപഘടകങ്ങളുമുള്ള റോമാസാമ്രാജ്യത്തിലെ രാഷ്ട്രീയ ഭരണസംവിധാനത്തിന്റെ അതേ പിരമിഡ് അധികാര ശൃംഘലയാണ് (Pyramid Hiararchy) സഭയിലും നിലവിൽ വന്നത്. റോമാസാമ്രാജ്യത്തിലെ നാലു പ്രവിശ്യകളിലും ഓരോ പാത്രിയർക്കീസുമാരിൽ കേന്ദ്രീകരിച്ച ഈ അധികാരഘടനയിൽ പടിപടിയായി താഴോട്ട് മെത്രാപ്പോലീത്താമാരും എപ്പിസ്കോപ്പാമാരും വൈദീകരും അടങ്ങുന്ന അധികാരശൃംഘല (Scalar Chain) രൂപപ്പെട്ടു. ക്രിസ്തുവർഷം 325-ൽ നടന്ന നിഖ്യാ സുന്നഹദോസിനു ഈ ഘടനാ നിർമ്മാണത്തിൽ നിർണ്ണായക പങ്കുണ്ട്.

ഈ സംഭവവികാസങ്ങളൊന്നും കേരളത്തിലെ ക്രിസ്തുമാർഗ്ഗത്തെ സ്വാധീനിച്ചില്ല. റോമിൽ നിന്നും വിദൂരത്താണെന്നതു മാത്രമല്ല, കേരളതീരം റോമിന്റെ രാഷ്ട്രീയ അധികാരത്തിനു വിധേയമല്ലായിരുന്നു എന്നതും ഇതിനു കാരണമാണ്. ദക്ഷിണേന്ത്യയിലെ പരിമിത സംഖ്യ തുറമുഖനഗരങ്ങളിൽ മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച നഗരസഭകൾ (Congregations) അതേപോലെ നിലനിന്നു. ആദിമ നൂറ്റാണ്ടുകളിൽ കേരളത്തിലെ ക്രിസ്തുമാർഗ്ഗത്തിന്റെ തുറമുഖനഗരങ്ങളിൽ നിന്നുള്ള വ്യാപനം, വ്യാപാരപാതകളുടെ (Trade routes) ഓരംപറ്റിയുള്ള പുതിയ കുടിയേറ്റങ്ങളായിരുന്നു. അതാകട്ടെ തികച്ചും മന്ദഗതിയിലും. പതിനാറാം നൂറ്റാണ്ടുവരെ ഈ പള്ളികൾ ഒരു *സഭ* എന്ന നിലയിൽ കേന്ദ്രീകരിക്കപ്പെട്ടിരുന്നില്ല. അതേസമയം ക്രിസ്തുവർഷം ആദ്യ സഹസ്രാബ്ദത്തിൽത്തന്നെ കുരക്കേണി കൊല്ലവും മഹാദയപുരവും കേന്ദ്രീകരിച്ച രണ്ട് വ്യാപാരക്കൂട്ടങ്ങൾ (Trade guild) അവർക്കിടയിൽ രൂപപ്പെട്ടു. പതിനാറാം നൂറ്റാണ്ടുവരെ മലങ്കര നസ്രാണികളുടെ സംഘടന (Organization), *കൂറ്* എന്നറിയപ്പെട്ട ഈ വ്യാപാരക്കൂട്ടങ്ങളായിരുന്നു.

റോമാ സാമ്രാജ്യത്തിലും അതിനെ അനുകരിച്ച പേർഷ്യൻ സാമ്രാജ്യത്തിലും ക്രൈസ്തവ സഭകൾ പിന്തുടർന്നതിൽനിന്നും തികച്ചും വിഭിന്നമായ ഒരു അധികാരഘടനയായിരുന്നു മലങ്കര നസ്രാണികൾക്കിടയിൽ വളർന്നുവന്നത്. തറക്കൂട്ടങ്ങൾക്കും പിന്നീട് നമ്പൂതിരി-കേന്ദ്രീകൃത സാമൂഹ്യ വ്യവസ്ഥിതിയിലെ ഗ്രാമങ്ങൾക്കും സമാനമായി ഒരു പ്രദേശത്തെ/അങ്ങാടിയിലെ എല്ലാ കുടുംബനാഥന്മാരും അടങ്ങിയ പള്ളിയോഗങ്ങളായിരുന്നു ഇടവകപ്പള്ളികളുടെ ഭരണം നിയന്ത്രിച്ചിരുന്നത്. *കത്തനാർ* എന്ന് സംബോധന ചെയ്യപ്പെടുന്ന പുരോഹിതന്മാരായിരുന്നു അവരുടെ വൈദീകാധികാരികൾ.

പാശ്ചാത്യ മാനദണ്ഡമനുസരിച്ചല്ലെങ്കിലും അമൂർത്തമായി *സഭ* എന്ന സങ്കല്പവും പൂർവ കൊളോണിയൽകാലത്ത് നസ്രാണികൾക്കുണ്ടായിരുന്നു.

ഇടവകപ്പള്ളിയോഗങ്ങളിൽനിന്നുള്ള വൈദീകരും അവൈദീകരുമായ പ്രതിനിധികൾ അടങ്ങിയ മലങ്കര പള്ളിയോഗമായിരുന്നു നസ്രാണികളുടെ പൊതുവേദി. ഇത് കേരളീയ ജാതിവ്യവസ്ഥയ്ക്കനുസൃതമായ ഒരു *ജാതിക്കൂട്ടം* ആയിരുന്നു എന്നതാണ് കൂടുതൽ ശരി. *ജാതിക്കു കത്തനാർ* എന്നറിയപ്പെട്ട മലങ്കര മൂപ്പൻ ആയിരുന്നു മലങ്കര നസ്രാണികളുടെ ജാതിത്തലവൻ. അറബി വ്യാപാരികൾ കേരളതീരത്തിനു നൽകിയ *മലബാർ* എന്ന സംജ്ഞയുടെ പൂർണ്ണ മലയാളമായ *മലങ്കര* എന്നായിരുന്നു നസ്രാണികളുടെ ഭൂമിശാസ്ത്രപരമായ വ്യവഹാര മേഖല അറിയപ്പെട്ടത്.

ഒന്നാം സഹസ്രാബ്ദത്തിലെന്നോ മലങ്കര നസ്രാണികൾ പേർഷ്യൻ സഭയുമായി ബന്ധപ്പെട്ടു. വ്യാപാരബന്ധങ്ങളും പേർഷ്യൻ കുടിയേറ്റങ്ങളും ഇതിനു കാരണമായി. കാലങ്ങൾകൊണ്ട് ഭാഗികമായെങ്കിലും പേർഷ്യൻ സഭാവിജ്ഞാനീയവും ആ സഭയുടെ വിശ്വാസ-ആരാധനാ പാരമ്പര്യങ്ങളും മലങ്കര നസ്രാണികൾക്കിടയിൽ വ്യാപിച്ചു. പേർഷ്യൻ സഭയുടെ തലവനായ ബാഗ്ദാദിലെ കാതോലിക്കായെ നസ്രാണികൾ തങ്ങളുടെ വേദതലവനായി അംഗീകരിച്ചു. നസ്രാണികൾക്ക് പൗരോഹിത്യം - *ദീക്ഷ* - നൽകുന്നത് കാലാകാലങ്ങളിൽ പേർഷ്യയിൽ നിന്നെത്തുന്ന മെത്രാന്മാരായി. പക്ഷേ അതിലധികം ആത്മീയ-ലൗകീക അധികാരമൊന്നും പേർഷ്യൻ മെത്രാന്മാർക്കു ലഭിച്ചില്ല. അധികാരം മലങ്കര പള്ളിയോഗത്തിലും ജാതിക്കു കത്തനാരിലും തുടർന്നു. ജാതിക്കു കത്തനാരെ പേർഷ്യൻ സഭാവിജ്ഞാനീയ (Ecclisiology) പ്രകാരമുള്ള അർക്കദിയാക്കോൻ (Archdeacon) എന്ന വൈദീക സ്ഥാനിയായി പേർഷ്യൻ മെത്രാന്മാർ ഉയർത്തി. തങ്ങളെ സംബന്ധിച്ചിടത്തോളം കേവലം *പട്ടത്വദാനം* എന്ന വല്ലപ്പോഴും മാത്രം അവശ്യമായിവരുന്ന ഒരു പ്രക്രിയയ്ക്കുമാത്രം അത്യന്താപേക്ഷിതമായ മെത്രാൻസ്ഥാനം പ്രാദേശികമാക്കുവാൻ നസ്രാണികൾ ശ്രമിച്ചുമില്ല. യൂറോപ്യൻ അധിനിവേശം ആരംഭിക്കുന്ന കാലത്തെ മലങ്കര നസ്രാണികളുടെ അധികാരഘടന ഇതായിരുന്നു.

1498-ൽ വാസ്കോ ദ ഗാമയും തുടർന്നെത്തിയ പോർട്ടുഗീസ് അധിനിവേശ ശക്തികളും കേരളത്തിൽ തികച്ചും അപ്രതീക്ഷിതമായി നാട്ടുക്രിസ്ത്യാനികളായ മലങ്കര നസ്രാണികളെ കണ്ട് അന്തംവിട്ടു എന്നതാണ് യാഥാർത്ഥ്യം. പക്ഷേ തങ്ങളുടെ റോമൻ കത്തോലിക്കാ വിശ്വാസം അംഗീകരിക്കാത്ത, വ്യത്യസ്തമായ ആചാരാനുഷ്ടാനങ്ങൾ പുലർത്തുന്ന, റോമാ പാപ്പായെ തലവനായി സ്വീകരിക്കാത്ത, തികച്ചും സ്വതന്ത്രവും തനതായ സാംസ്കാരിക വ്യക്തിത്വവുമുള്ള ഒരു സമൂഹമാണ് മലങ്കര നസ്രാണികൾ എന്നു തിരിച്ചറിയാൻ പോർട്ടുഗീസ് റോമൻ കത്തോലിക്കർക്ക് ഏറെ സമയം വേണ്ടിവന്നില്ല.

തങ്ങളുടെ പ്രഥമലക്ഷ്യമായ കുരുമുളകുവ്യാപാരത്തിന്റെ പ്രാദേശിക കുത്തക കൈയ്യാളുന്ന കേരളസമൂഹത്തിൽ ഉന്നതസ്ഥാനം വഹിക്കുന്ന നസ്രാണികളെ തങ്ങൾക്ക് വിധേയരാക്കി നിർത്തുക എന്നത് *മതപരം* എന്നതിനേക്കാൾ പോർട്ടുഗീസുകാർക്ക് രാഷ്ട്രീയമായ ആവശ്യമായിരുന്നു. പോർട്ടുഗീസ് സാമ്രാജ്യത്വ സംരക്ഷണത്തിന് ലോകമെങ്ങുമുള്ള തങ്ങളുടെ കോളനികളിലെല്ലാം പോർട്ടുഗീസ് രാജാവിനോട് വിധേയത്വമുള്ള ഏകസംസ്കാര (Monoculture) സമൂഹത്തെ സൃഷ്ടിക്കുക എന്നത് അവരുടെ ദീർഘകാല പദ്ധതിയായിരുന്നു. തങ്ങളുടെ റോമൻ കത്തോലിക്കാ മതം അതിനുള്ള ഒരു മാർഗ്ഗവും. ഇതര കോളനികളിൽ പ്രാദേശികമായ ക്രിസ്തുമതം നിലവിൽ ഇല്ലാതിരുന്ന അനുകൂല സാഹചര്യമല്ല കേരളത്തിൽ അവർക്കു അഭിമുഖീകരിക്കേണ്ടിവന്നത്.

പോർട്ടുഗീസുകാരുമായുള്ള വ്യാപാര സഹവർത്തിത്വം തുടർന്നപ്പോഴും സ്വന്തമായ വ്യക്തിത്വവും പ്രാദേശിക സമൂഹത്തിൽ ഉറച്ച ഉന്നത നിലയുമുള്ള നസ്രാണികൾ പോർട്ടുഗീസുകാർക്ക് രാഷ്ട്രീയമായോ മതപരമായോ വിധേയരാവാൻ വിസമ്മതിച്ചു. പതിനാറാം നൂറ്റാണ്ടിൽ തുടർച്ചയായി എത്തിയിരുന്ന പേർഷ്യൻ മെത്രാന്മാർ നസ്രാണികൾക്ക് ബൗദ്ധിക പിന്തുണ നൽകിയതും റോമൻ കത്തോലിക്കർക്ക് തിരിച്ചടിയായി. ഒരു പടികൂടി കടന്ന് തങ്ങളുമായി വിവാഹബന്ധം സ്ഥാപിക്കാനുള്ള പോർട്ടുഗീസ് ശ്രമത്തെ നസ്രാണികൾ പൂർണ്ണമായി നിരാകരിച്ചു. ഇക്കാലത്ത് റോമൻ കത്തോലിക്കർ മാർഗ്ഗം കൂട്ടി ക്രിസ്ത്യാനികളാക്കിയ ഇതര ജാതിക്കാരെ തങ്ങളുടെ പള്ളികളിൽ പ്രവേശിപ്പിക്കാനോ സമന്മാരായോ സഹോദര ക്രിസ്ത്യാനികളായോ അംഗീകരിക്കാനോ നസ്രാണികൾ തയ്യാറായില്ല. അവരുടെ *ക്രിസ്ത്യാനി* സ്വത്വത്തിനു ബദലായി തങ്ങളുടെ *നസ്രാണി* സ്വത്വം അവർ ഉയർത്തിപ്പിടിച്ചു. കേരളീയ ജാതി വ്യവസ്ഥയിൽ തങ്ങളുടെ നിലനിൽപ്പിന് ഇവ രണ്ടും നസ്രാണികൾക്ക്

ഒന്നാം സഹസ്രാബ്ദത്തിലെന്നോ മലങ്കര നസ്രാണികൾ പേർഷ്യൻ സഭയുമായി ബന്ധപ്പെട്ടു. വ്യാപാരബന്ധങ്ങളും പേർഷ്യൻ കുടിയേറ്റങ്ങളും ഇതിനു കാരണമായി. കാലങ്ങൾകൊണ്ട് ഭാഗികമായെങ്കിലും പേർഷ്യൻ സഭാവിജ്ഞാനീയവും ആ സഭയുടെ വിശ്വാസ-ആരാധനാ പാരമ്പര്യങ്ങളും മലങ്കര നസ്രാണികൾക്കിടയിൽ വ്യാപിച്ചു.

അനിവാര്യമായിരുന്നു. പോർട്ടുഗീസ് അധികാരികൾക്കാകട്ടെ, നസ്രാണികളെ കേരളീയ സാമൂഹ്യവ്യവസ്ഥിതിയിൽ നിന്നു അടർത്തി അന്യരാക്കി തങ്ങളുടെ പൂർണ്ണ നിയന്ത്രണത്തിൽ കൊണ്ടുവരിക എന്നത് രാഷ്ട്രീയ-വാണിജ്യ താല്പര്യവും. ചുരുക്കത്തിൽ, *നസ്രാണി ജാതി* എന്ന സ്വത്വവും അതിന്റെ സാമൂഹ്യ സുരക്ഷയും ഇല്ലാതാക്കി പകരം *ക്രിസ്തുമതം* എന്ന സ്വത്വവും അതിന്റെ അരക്ഷിതത്വവും ജനിപ്പിച്ച് അവരെ തങ്ങളുടെ വിധേയത്വത്തിലാക്കുക എന്നതായിരുന്നു പോർട്ടുഗീസ് - റോമൻ കത്തോലിക്കാ തന്ത്രം.

തികച്ചും താത്വികമായ ഒരു അടിത്തറ ഈ സൈദ്ധാന്തിക യുദ്ധത്തിനു നസ്രാണികൾ സൃഷ്ടിച്ചു. തങ്ങളുടെ വിശ്വാസം, പ്രാദേശീക ആചാരങ്ങൾ, ജീവിത ശൈലി, അനുഷ്ഠാനങ്ങൾ, ഭരണരീതി ഇവയെല്ലാം ചേർന്ന സംസ്കാരത്തെ നസ്രാണികൾ *മാർത്തോമ്മായുടെ മാർഗ്ഗം* എന്നാണ് സ്വയം വിശേഷിപ്പിച്ചത്. മറുവശത്ത് പോർട്ടുഗീസ് ആചാരങ്ങൾ, സംസ്കാരം, റോമൻ കത്തോലിക്കാ വിശ്വാസം ഇപ്രകാരം പോർട്ടുഗീസ് അധികാരികളും റോമൻ കത്തോലിക്കാ മിഷനറിമാരും നിർദ്ദേശിച്ചതെല്ലാം ചേർത്ത് *ശെമവോൻ കീപ്പായുടെ* (പത്രോസിന്റെ) *മാർഗ്ഗം* എന്നു നസ്രാണികൾ മുദ്രകുത്തി. പോർട്ടുഗലിൽ ക്രിസ്തു ശിഷ്യനായ മാർ പത്രോസിന്റെ മാർഗ്ഗം പിന്തുടരുവാൻ പോർട്ടുഗീസുകാർക്ക് അവകാശമുള്ളതുപോലെ മറ്റൊരു ക്രിസ്തുശിഷ്യനായ മാർ തോമ്മായിൽ ആരംഭിക്കുന്ന തങ്ങളുടെ തദ്ദേശീയമായ മാർത്തോമ്മായുടെ മാർഗ്ഗം ഇന്ത്യൻ മണ്ണിൽ അനുഗമിക്കാൻ തങ്ങൾക്ക് പൂർണ്ണ അവകാശമുണ്ടെന്നു നസ്രാണികൾ തുറന്നടിച്ചു. റോമൻ കത്തോലിക്കാ മിഷനറിമാരെ ഏറെ വിഷമിപ്പിച്ച ഒരു തത്വശാസ്ത്ര പ്രഖ്യാപനമായിരുന്നു ഇത്.

രാഷ്ട്രീയ അധിനിവേശത്തിന് ഏറ്റവും ഫലപ്രദമായ മാർഗ്ഗം മതപരമായ കീഴ്പ്പെടുത്തലാണെന്ന തിരിച്ചറിവോടെയാണ് ഗോവയിലെ പോർട്ടുഗീസ് ഗവർണറും റോമൻ കത്തോലിക്കാ ആർച്ചുബിഷപ്പുമായ അലക്സീസ് ദ മെനസീസ് കേരളത്തിലെത്തിയത്. അതിനു മുമ്പുതന്നെ അറബിക്കടലിന്മേലുള്ള സമ്പൂർണ്ണ പോർട്ടുഗീസ് നാവിക സ്വാധീനമുപയോഗിച്ച് ഒരു പേർഷ്യൻ മെത്രാനും കേരളത്തിലെത്തില്ലാ എന്ന് അവർ ഉറപ്പാക്കിയിരുന്നു. കൊച്ചിരാജാവിന്റെ സഹായത്തോടെ 1599-ൽ ഉദയംപേരൂരിൽ ഒരു മലങ്കര പള്ളിയോഗം വിളിച്ചുകൂട്ടി. ഉദയംപേരൂർ സുന്നഹദോസ് എന്നപേരിൽ കുപ്രസിദ്ധമായ ഈ യോഗത്തിൽ *നയഭയം കാട്ടി* മലങ്കര നസ്രാണികളെക്കൊണ്ട് *ശെമവോൻ കീപ്പായുടെ മാർഗ്ഗം* അംഗീകരിപ്പിച്ചു.

നസ്രാണികളുടെ, സംസ്കാരം, ആരാധന, ജാത്യാചാരങ്ങൾ ഇവയുടെ ഒക്കെ കടയ്ക്കൽ കത്തിവെച്ച ഉദയംപേരൂർ സുന്നഹദോസ് ഏറ്റവും വലിയ മാറ്റം വരുത്തിയത് അധികാരഘടനയിലായിരുന്നു. *ദേശത്തു പള്ളി - പള്ളിയോഗം, അർക്കദ്യാക്കോൻ - മലങ്കരപള്ളിയോഗം* എന്നീ അധികാരഘടകങ്ങളെ റോമാ മാതൃകയിൽ പിരമിഡ് ഹൈരാർക്കികൊണ്ട് പുനഃസംഘടിപ്പിച്ചു. ദേശത്തു പള്ളികളെ ഇടവകകളാക്കി തിരിച്ചു. അവയ്ക്ക് റോമൻ കത്തോലിക്കാ മെത്രാൻ നിയമിക്കുന്ന വികാരിമാരെ നിയമിച്ചു. പള്ളിയോഗം, അർക്കദ്യാക്കോൻ, മലങ്കരപള്ളിയോഗം എന്നിവ അധികാര ഘടനയിൽനിന്നും പുറത്തായി. മെത്രാൻ യൂറോപ്യൻ. വൈദീകരെ പരിശീലിപ്പിക്കുന്നതും പട്ടം കൊടുക്കാൻ ശുപാർശ ചെയ്യുന്നതും റോമൻ കത്തോലിക്കാ മിഷനറിമാർ. ഈ വിശ്വസ്ത-വിധേയ വൈദീകരിലൂടെ ചുരുങ്ങിയ കാലംകൊണ്ട് നസ്രാണികളെ ആദ്യം ആത്മീയമായും ക്രമേണ രാഷ്ട്രീയമായും കീഴ്പ്പെടുത്താമെന്ന് പോർട്ടുഗീസുകാർ കണക്കുകൂട്ടി.

പക്ഷേ സംഭവിച്ചത് മറിച്ചാണ്. ചുരുങ്ങിയ കാലത്തിനുള്ളിൽത്തന്നെ അർക്കദ്യാക്കോൻ അധികാരം തിരിച്ചുപിടിച്ചു. പള്ളിയോഗങ്ങൾ അവയുടെ

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

അധികാരം നഷ്ടപ്പെടുത്തിയില്ല. ഉദയംപേരൂർ സുന്നഹദോസിൽ തികച്ചും അതൃപ്തരായിരുന്ന നസ്രാണികൾ പുറത്തുചാടാൻ അന്നു മുതൽതന്നെ തരം പാർത്തിരിക്കുകയായിരുന്നു. പട്ടത്വം പ്രദാനം ചെയ്യുവാൻ ഒരു മെത്രാനെ കിട്ടുക എന്നതായിരുന്നു അവരുടെ ഏക കടമ്പ. അതിനായി നസ്രാണികൾ നിരന്തരം ശ്രമിച്ചുകൊണ്ടിരുന്നു. അതേസമയം റോമൻ കത്തോലിക്കനല്ലാത്ത ഒരു മെത്രാനും ഇന്ത്യയിൽ എത്തില്ലാ എന്ന് പോർട്ടുഗീസ് നാവിക ശക്തി ഉറപ്പു വരുത്തിയിരുന്നു.

1652 അവസാനം മാർ അഹത്തള്ളാ എന്നൊരു പൗരസ്ത്യ മെത്രാൻ ഇന്ത്യയിലെത്തി റോമൻ കത്തോലിക്കരുടെ പിടിയിലായി എന്നും, അദ്ദേഹത്തെ ഗോവയിലേയ്ക്കു കൊണ്ടുപോകും വഴി കൊച്ചിയിൽ കപ്പലിൽ എത്തിച്ചുവെന്നും നസ്രാണികൾ മനസിലാക്കി. അദ്ദേഹത്തെ വിട്ടുതരണമെന്ന നസ്രാണികളുടെ അഭ്യർത്ഥന പോർട്ടുഗീസുകാർ നിരസിക്കുകയും പകരം മാർ അഹത്തള്ളായെ കടലിൽ കെട്ടിത്താഴ്ത്തുകയും ചെയ്തു. ഇതറിഞ്ഞ നസ്രാണികൾ ക്ഷുഭിതരായി. 1653 ജനുവരി 3–ന് മട്ടാഞ്ചേരിയിൽ ചേർന്ന മലങ്കര പള്ളിയോഗം റോമൻ കത്തോലിക്കാ ബന്ധം അവസാനിപ്പിച്ച് അന്നത്തെ ജാതിക്കു കത്തനാരായ തോമ്മാ അർക്കദ്യാക്കോന്റെ പിന്നിൽ ഉറച്ചു നിൽക്കാനും തീരുമാനിച്ച് പടിയോല എഴുതുകയും കുരിശിൽ തൊട്ട് സത്യം ചെയ്യുകയും ചെയ്തു. *കൂനൻ കുരിശു സത്യം* എന്നറിയപ്പെടുന്ന ചരിത്ര സംഭവം ഇതാണ്. ഇന്ത്യൻ മണ്ണിൽ പാശ്ചാത്യ അധിനിവേശ ശക്തികൾക്കെതിരെ നടന്ന ആദ്യ സ്വാതന്ത്ര്യ സമരമായാണ് ആധുനിക സാമൂഹിക ചരിത്രകാരന്മാർ ഈ സംഭവത്തെ വിശേഷിപ്പിക്കുന്നത്. *രണ്ടുലക്ഷത്തിൽ നാനൂറു കുറെ* എന്നാണ് കൂനൻ കുരിശു സത്യത്തെ അംഗീകരിച്ച നസ്രാണികളുടെ എണ്ണം കുറിക്കുന്നത്. അതായത് പൂർണ്ണം! അനുകൂലിക്കാത്തവർ 0.2% മാത്രം!

മട്ടാഞ്ചേരി പടിയോലയുടെ പൂർണ്ണരൂപം:

മോറാൻ ഈശോമശിഹാ പിറന്നിട്ട 1653–ാമത് മകരമാസം 3–ാം തീയതി വെള്ളിയാഴ്ചനാൾ അർക്കദിയാക്കോൻ അച്ചനും മലങ്കര എടവകയിലുള്ള പള്ളികളിലെ വികാരിമാരും ദേശത്തുപട്ടക്കാററും എല്ലാവരുംകൂടി മട്ടാഞ്ചേരിൽ പള്ളിയിൽവച്ച നിശ്ചയിച്ച കല്പിച്ച കാര്യം: അയ്ത ശുദ്ധമാന കാതോലിക്കാ പള്ളി കല്പിച്ച നമുക്കായിട്ട മലങ്കരയ്ക്കു യാത്രയാക്കിയ പാത്രിയർക്കീസിനെ ബലത്താലെ മെത്രാനും സാമ്പാളൂർ പാതിരിമാരും കൂടി പിടിച്ച, നമുക്ക് അനുഭവിക്കരുതെന്ന കല്പിച്ചത കൊണ്ടും ആ പാത്രിയർക്കീസ മലങ്കരയ്ക്കുവന്ന നമ്മുടെ കണ്ണുംമുന്നിൽ കാണോളംനേരം (*പൊടിവ്*) ഇപ്പോൾ മലങ്കര വാഴുന്ന മാർ ഫ്രഞ്ചിയൂസ മെത്രാൻ നമുക്ക മെത്രാനല്ല. നാം അയാളുടെ ഇടവകയിലുള്ള പ്രജകളുമല്ല എന്ന ഒന്മ. ശുദ്ധമാന പള്ളിയുടെ ക്രമത്തിൽ തക്കവണ്ണം നമ്മുടെ എടവക വാഴുവാൻ മേല്പട്ടക്കാരൻ വേണ്ടുന്നതിന ഇപ്പോൾതൊട്ട തോമ്മാ അർക്കദിയാക്കോൻ തന്നെ വാണുകൊള്ളുകയും വേണമെന്ന ഒന്മ. ഇതിന വിചാരരായിട്ട കല്ലിശ്ശേരി പള്ളിയിൽ ഇട്ടിത്തൊമ്മൻ കത്തനാരും കടുത്തുരുത്തി പള്ളിയിൽ കടവിൽ ചാണ്ടിക്കത്തനാരും അങ്കമാലി പള്ളിയിൽ വേങ്ങൂർ ഗീവറുഗീസ കത്തനാരും കുറവിലങ്ങാട്ടു പള്ളിയിൽ പള്ളിവീട്ടിൽ ചാണ്ടിക്കത്തനാരും ഇവർ നാലുപേരും വിചാരക്കാരായിരുന്നു മൂവ്വാണ്ടിൽ മൂവ്വാണ്ടിൽ കൂടിവിചാരിച്ച കല്പിച്ചു കൊൾകയുംവേണം എന്ന ഒന്മ. ഈ കല്പിച്ചമേക്ക കടവിൽ ചാണ്ടിക്കത്തനാർ കയ്യെഴുത്ത.

വളരെ വ്യക്തമായ ഈ രേഖയിലെ അത്ര പരിചിതമല്ലാത്ത ചില പ്രയോഗങ്ങൾ മാത്രം ഇവിടെ വിശദീകരിക്കട്ടെ.

1. റോമൻ കത്തോലിക്കർ വധിച്ചു എന്നു നസ്രാണികൾ ഉറച്ചു വിശ്വസിക്കുന്ന മാർ അഹത്തുള്ളയെപ്പറ്റി *മലങ്കരയ്ക്കുവന്ന നമ്മുടെ കണ്ണുംമുന്നിൽ കാണോളംനേരം* എന്നു പ്രഖ്യാപിക്കുമ്പോൾ, അസംഭാവ്യമായത് സംഭവിച്ചാലല്ലാതെ ഇനി മുറികൂട്ടലില്ല എന്നുതന്നെയാണ് നസ്രാണികൾ അർത്ഥമാക്കുന്നത്. അതായത് ഇനിയൊരിക്കലും റോമാ ബന്ധത്തിനു നസ്രാണികൾ തയാറല്ലെന്ന്.

2. സെന്റ് പോൾസ് കോളജ് (സാൻ പോളാ) ആസ്ഥാനമാക്കി പ്രവർത്തിച്ചിരുന്ന ജസ്യൂട്ട് മിഷനറിമാരാണ് *സാമ്പാളൂർ പാതിരിമാർ* എന്നു ഇവിടെ പരാമർശിക്കപ്പെടുന്നത്. നസ്രാണികളുടെ മുമ്പിലെ റോമൻ കത്തോലിക്കാ സഭയുടെ അന്നത്തെ ദൃശ്യ പ്രതീകം ഇവർ മാത്രമായിരുന്നു.

3 *മലങ്കര വാഴുന്ന മാർ ഫ്രഞ്ചിയൂസ മെത്രാൻ* എന്നു വിവക്ഷിക്കുന്നത് മലങ്കര നസ്രാണികളെ അന്ന് ഭരിച്ചിരുന്ന കൊടുങ്ങല്ലൂർ രൂപതയുടെ ഫ്രാൻസിസ് ഗാർഷ്യ എസ്. ജെ. എന്ന യൂറോപ്യൻ റോമൻ കത്തോലിക്കാ മെത്രാനാണ്.

4. *നാം അയാളുടെ ഇടവകയിലുള്ള പ്രജകളുമല്ല* എന്നു രേഖപ്പെടുത്തുമ്പോൾ നസ്രാണികളെ 1599–ന് ശേഷം റോമാസഭ കെട്ടിയ തൊഴുത്തായ കൊടുങ്ങല്ലൂർ രൂപത തങ്ങളുടെ ഭരണ മേൽക്കോയ്മ അല്ല എന്ന പ്രഖ്യാപനമാണ്. ആത്യന്തികമായി, റോമൻ കത്തോലിക്കാ സഭയുടെ നിരസനവും.

5. *നമ്മുടെ എടവക വാഴുവാൻ മേല്പട്ടക്കാരൻ വേണ്ടുന്നതിന ഇപ്പോൾ തൊട്ട തോമ്മാ അർക്കദിയാക്കോൻ തന്നെ വാണുകൊള്ളുകയും വേണമെന്ന...* എന്നതിനേക്കാൾ വ്യക്തമായ ഒരു വിദേശ മേൽക്കോയ്മാ നിരസനം വേറൊന്നില്ല. ഇവിടെ ഏതെങ്കിലും വിദേശ മെത്രാനെ വരുത്തേണ്ട ആവശ്യമാണെന്ന യാതൊരു സൂചനയുമില്ല.

6. അന്ന് മലങ്കര നസ്രാണികൾ നേരിടുന്ന ഏക വൈദേശിക ആധിപത്യ ഭീഷണി എന്ന നിലയിൽ റോമൻ കത്തോലിക്കാ സഭയുടെ നിരസനം പൊതുവായ വൈദേശിക ആധിപത്യ ത്യജനം ആയിത്തന്നെ കണക്കാക്കണം.

പട്ടത്വപൂർത്തീകരണത്തിന് മറ്റൊരു മെത്രാനെ ലഭിക്കുക തൽക്കാലം അസാദ്ധ്യമായതിനാൽ 12 കത്തനാരുമാർ ചേർന്ന് 1653 മെയ് 1–ന് തോമ്മാ അർക്കദ്യാക്കോനെ എപ്പിസ്ക്കോപ്പാ ആയിട്ടു വാഴിച്ചു. ക്രമരഹിതമായ ഈ വാഴ്ച ക്രമപ്പെടുത്താൻ ഒരു പൗരസ്ത്യ മെത്രാനെ ലഭിയ്ക്കുവാൻ, പേർഷ്യൻ അന്ത്യോഖ്യൻ, അലക്സാൻഡ്രിയൻ സഭകളുമായി ബന്ധപ്പെടുവാൻ മലങ്കര നസ്രാണികൾ ശ്രമിച്ചെങ്കിലും അറബിക്കടലിന്മേലുള്ള സമ്പൂർണ്ണ പോർട്ടുഗീസ് ആധിപത്യംമൂലം ഇത് ക്ഷണസാദ്ധ്യമായില്ല. അതേസമയം റോമൻ കത്തോലിക്കാ മെത്രാനായ സെബസ്ത്യാനിയുടെ നേതൃത്വത്തിൽ മാർത്തോമ്മാ ഒന്നാമനെ നിരന്തരം വേട്ടയാടുകയായിരുന്നു. അതിനാൽ അദ്ദേഹത്തിനും സഹായിയും ഉപദേശകനുമായ ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാർക്കും ജീവസംരക്ഷണാർത്ഥം നിരന്തരമായി ഓടേണ്ടിവന്നു. മാർത്തോമ്മാ ഒന്നാമന്റെ പട്ടത്വം സാധുവല്ലായെന്ന് ഇതേകാലത്ത് റോമൻ കത്തോലിക്കാ മിഷനറിമാർ പ്രചണ്ഡമായ പ്രചരണം നടത്തുകയും ചെയ്തു.

1663–ൽ പോർട്ടുഗീസുകാരെ പരാജയപ്പെടുത്തി ഡച്ചുകാർ കൊച്ചിക്കോട്ട പിടിച്ചെടുത്തു. അതോടെ പോർട്ടുഗീസു മിഷനറിമാർ കേരളം വിടാൻ നിർബന്ധിതരായി. 1653–ലെ മട്ടാഞ്ചേരി പടിയോലമൂലം മാർത്തോമ്മാ ഒന്നാമന്റെ കാര്യവിചാരകരായി നിയമിക്കപ്പെട്ടിരുന്ന കടുത്തുരുത്തി പള്ളിയിൽ കടവിൽ ചാണ്ടിക്കത്തനാർ, കുറവിലങ്ങാട്ടു പള്ളിയിൽ പള്ളിവീട്ടിൽ ചാണ്ടിക്കത്തനാർ എന്നിവരെ അന്നത്തെ റോമൻ കത്തോലിക്കാ മെത്രാൻ ജോസഫ് സെബസ്ത്യാനി വശത്താക്കി. പള്ളിവീട്ടിൽ (പറമ്പിൽ) ചാണ്ടിയെ അലക്സാണ്ടർ ദ കാമ്പോ എന്ന പേരിൽ തിടുക്കത്തിൽ മെത്രാനാക്കി. പണം വാരിയെറിഞ്ഞ് കുറെ നസ്രാണികളേയും വശത്താക്കി. അന്ന് പഴയകൂർ എന്നും പിന്നീട് റോമാ–സുറിയാനിക്കാർ എന്നു അറിയപ്പെട്ട ഈ വിഭാഗമാണ് ഇന്ന് റോമൻ കത്തോലിക്കാ സഭയിലെ സീറോ–മലബാർ വിഭാഗം.

പോർട്ടുഗീസ് ഭീഷണി ഒഴിഞ്ഞതോടെ അറബിക്കടൽ സ്വതന്ത്രമായി. തുടർന്ന് 1665–ൽ യെറുശലേമിലെ സുറിയാനി പാത്രിയർക്കീസ് മാർ ഗ്രീഗോറിയോസ് അബ്ദൽ ജലീദ് കേരളത്തിലെത്തി മാർത്തോമ്മാ ഒന്നാമന്റെ മേല്പട്ട സ്ഥാനം ക്രമപ്പെടുത്തി. അത് പുതിയോരു യുഗത്തിന്റെ പ്രാരംഭമായിരുന്നു.

(തുടരും)

പുസ്തകം

വരിക, കുരിശു വഹിക്കാം

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

ഒരു വ്യക്തി സ്വന്തം ജീവിതാനുഭവങ്ങളും ദർശനങ്ങളും ഹൃദ്യമായ ഭാഷയിൽ ആത്മാവിഷ്ക്കാരത്തോടെ വിവരിച്ചെഴുതുന്നതാണ് ആത്മകഥ. വന്ദ്യ സി. സി. ചെറിയാൻ അച്ചൻ ഭാവാവിഷ്കാരമായി അവതരിപ്പിക്കുന്ന യേശുവിന്റെ ആത്മകഥയുടെ നാലാം വാല്യം അനുകമ്പയുള്ള ശിഷ്യന്മാർക്കായുള്ള ആത്മാന്വേഷണമാണ്. ശിഷ്യത്വത്തിന്റെ വിവിധ ദർശനങ്ങൾ ദാർശനികവും വേദാധിഷ്ഠിതവുമായി അവതരിപ്പിച്ച്, ലോകം മുഴുവൻ നേടിയാലും ആത്മാവിനെ നഷ്ടപ്പെടുത്തരുതെന്ന ആഹ്വാനത്തോടെ സമാപിപ്പിക്കുന്നതാണ് ഇതിവൃത്തം.

യേശുവിന്റെ ജീവിതവും സന്ദേശവും തുടർപദ്ധതിയായി പുനർ വായിക്കുന്നതിനാൽ 46 മുതൽ 60 വരെ അധ്യായങ്ങളിലെ 15 പാഠങ്ങളിൽ യേശുക്രിസ്തുവിന്റെ ശിഷ്യത്വത്തെകുറിച്ചുള്ള കാഴ്ചപ്പാടുകളും വിമർശനങ്ങളും അന്വേഷണങ്ങളുമാണ് ഉൾച്ചേർത്തിരിക്കുന്നത്.


യേശുവിന്റെ പ്രഭാഷണങ്ങളും ഉപദേശങ്ങളും സുവിശേഷകരുടെ ഭാഷയിലൂടെയാണ് ലഭിച്ചിരിക്കുന്നത്. യേശുവിന്റെ യഥാർത്ഥ വാക്കുകളുടെ പാഠവും വിശകലനവും കണ്ടെത്തുവാനുള്ള ഗവേഷണവും പഠനവും അനിവാര്യമാണ്. അന്തരീക്ഷത്തിൽ അലിഞ്ഞു ചേർന്ന യേശുവിന്റെ സന്ദേശങ്ങൾ നവീന സാങ്കേതിക വിദ്യകളിലൂടെ പുനരുത്പാദിപ്പിക്കുവാൻ ഭാവിയിൽ സാധ്യമാകുമെന്ന് ശാസ്ത്രലോകത്തിന് പ്രത്യാശയുണ്ട്. എന്നാൽ ഗവേഷകനും വേദപണ്ഡിതനും ഗ്രന്ഥകാരനുമായ ഫാ. സി. സി. ചെറിയാൻ യേശുവിന്റെ ഉപദേശങ്ങൾ അതീന്ദ്രിയമായ ധ്യാനത്തിന്റെയും പഠനത്തിന്റെയും വെളിച്ചത്തിൽ ഭാവാവിഷ്ക്കാരമായി അവതരിപ്പിക്കുന്നത് അതീവ ഹൃദ്യവും വചനാധിഷ്ഠിതവുമായി തീരുന്നു.

യോർദാൻ നദിക്കരയിൽ യേശുവിൻറെ പരസ്യ ശുശ്രൂഷ ആരംഭിക്കുമ്പോൾ 30 വയസ്സ് ഉണ്ടായിരുന്നു എന്ന് വിശുദ്ധ ലൂക്കോസ് (3:23) സാക്ഷിക്കുന്നു. ഗലീല മുതൽ യെരുശലേം വരെയുള്ള മൂന്നുവർഷത്തെ ദീർഘമായ ജീവിതവും യാത്രയും വിളംബരം ചെയ്യുന്നത് ദൈവരാജ്യമൂല്യങ്ങളും സുവിശേഷ സത്യങ്ങളുമാണ്.

യേശുവിനോടൊപ്പമുള്ള ജീവിതയാത്രയിൽ 12 ശിഷ്യരെ തെരഞ്ഞെടുത്ത് മുഖ്യമായും പരിശീലിപ്പിച്ചത് ശിഷ്യത്വധർമ്മങ്ങളുടെ അർത്ഥവിശകലനങ്ങളാണ്. അവ യേശുവിൽ നിന്നും നേരിട്ട് കേൾക്കുന്നതായി വായനക്കാർക്ക് അനുഭവപ്പെടുന്നു. അത്രയ്ക്ക് വൈകാരികവും ഭാവതീവ്രവുമായ വിവരണ ശൈലിയാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്.

രണ്ടായിരം വർഷങ്ങൾക്കു മുൻപ് ശിഷ്യന്മാരോട് സാരോപദേശങ്ങൾ പറയുന്ന യേശുവിന്റെ സ്വരവും കഥപറച്ചിലും ആദിയോടന്ത്യം ഇതിൽ പ്രതിധ്വനിക്കുന്നു. യേശു ജഗത് ഗുരുവാണ്. മനുഷ്യമനസ്സുകളെ സമഗ്രമായി പരിവർത്തനം ചെയ്യിപ്പിക്കുവാൻ കഴിവുറ്റ വാക്ക്പ്രവാഹമായിരുന്നു അത്. ആത്മാവും ചൈതന്യവും നിറഞ്ഞ അദ്ദേഹത്തിന്റെ ലാവണ്യ വാക്കുകളിൽ തെളിഞ്ഞത് സ്നേഹത്തിന്റെ മാധുര്യവും ജീവിതത്തിന്റെ പ്രകാശവുമാണ്. അധികാരത്തോടും അനുഭവസാക്ഷ്യത്തോടും കൂടി നടത്തിയ കഥപറച്ചിലിൽ പഴയനിയമ സംഭവങ്ങളുടെ പുനർവായനയും നവീനവും അമൂല്യങ്ങളുമായ സൂക്തങ്ങളും ഉൾച്ചേർന്നിരിക്കുന്നു. ചോദ്യങ്ങൾ ചോദിച്ചും വാങ്മയചിത്രങ്ങൾ അവതരിപ്പിച്ചും നടത്തിയ പ്രബോധനങ്ങളിൽ നിറഞ്ഞത് പ്രായോഗിക ജീവിതത്തിൽ പ്രതിഫലിപ്പിക്കേണ്ട ശിഷ്യത്വത്തിന്റെ അമൂല്യ രഹസ്യങ്ങളാണ്.

ശിഷ്യത്വവും കുരിശും ക്രിസ്തുവും ഇല്ലാതെ കൃപാവരങ്ങൾക്കായി ആഗ്രഹിക്കുന്ന സമൂഹത്തെ പ്രശസ്ത വേദശാസ്ത്രജ്ഞനായ ഡീട്രിച്ച് ബോൺഗോഫർ (Dietrich Bonhoeffer) വിമർശന വിധേയമാക്കി 1937ൽ 'ശിഷ്യത്വത്തിന്റെ വില' നിർണയിച്ചത് 'വരിക ക്രൂശിക്കപ്പെടുക' എന്ന ആഹ്വാനത്തിലാണ്. ശിഷ്യത്വത്തിന്റെ മഹത്തായ ദർശനം കുരിശ് എടുത്ത് യേശുവിനെ അനുഗമിക്കുന്നതാണ്. യേശുവിന്റെ ശിഷ്യത്വത്തിലേക്കുള്ള വിളിയിൽ ആത്മപരിത്യാഗവും



കുരിശുമാണുള്ളത്. നിന്ദയും തിരസ്ക്കരണവും മുൾക്കിരീടവും ശിഷ്യത്വത്തിന്റെ വഴിയാണ്. യേശുവിന്റെ പ്രഭാഷണങ്ങളുടെ അന്തസത്ത കുരിശു വഹിക്കുന്ന ശിഷ്യത്വമാണ്. ക്രിസ്തു ഇല്ലാത്ത കുരിശും കുരിശില്ലാത്ത ക്രിസ്തീയതയും ശിഷ്യത്വത്തിന്റെ വിളിയെ നിഷേധിക്കുന്നു.

യേശുവിന്റെ ശബ്ദം ഫാ. സി.സി. ചെറിയാനിലൂടെ പ്രവഹിക്കുന്നതിന്റെ നേർസാക്ഷ്യം ഇങ്ങനെയാണ്:

'കഷ്ടതകൾ ആകുന്ന അനുഭവങ്ങൾ നിങ്ങളെ ശാരീരികമായും മാനസികമായും നുറുക്കികളയും, തകർത്തുകളയും. എന്നാൽ മുറിക്കുന്ന അവസരത്തിലാണ് നിങ്ങളിൽ ആന്തരികമായ രൂപാന്തരം സംഭവിക്കുന്നത്. യേശു അപ്പമെടുത്ത്, വാഴ്ത്തി, നുറുക്കി, കൊടുക്കുന്ന അനുഭവം ശിഷ്യത്വത്തിന്റെ മുറിക്കപ്പെടലായി, ആത്മബലിയായി തീരുമ്പോൾ ആന്തരികമായ രൂപാന്തരം സംഭവിക്കുന്നതായി വ്യാഖ്യാനിച്ചിരിക്കുന്നു. ഇത്തരത്തിലുള്ള സമഗ്രമായ രൂപാന്തര പ്രക്രിയയിൽ ഇപ്പോൾ ഭംഗം വരുന്നതാണ് ശിഷ്യത്വം നേരിടുന്ന വെല്ലുവിളി.

ദൈവത്താൽ ആകർഷിക്കപ്പെടുന്ന ശിഷ്യന്മാർ കുരിശ് ചുമക്കുന്നവരാകും. പാമ്പിനെ പോലെ ബുദ്ധിയും പ്രാവിനെ പോലെ നിഷ്കളങ്കതയും ഉൾകൊണ്ട് ചെന്നായ്ക്കളുടെ നടുവിൽ ശുശ്രൂഷിക്കാനുള്ള ശിഷ്യത്വമാണ് യേശു വാഗ്ദാനം ചെയ്യുന്നത്.

'പ്രസിദ്ധ അഭിഭാഷകരെ വച്ച് ദൈവരാജ്യപ്രമാണങ്ങൾക്ക് എതിരായി വാദിച്ച്, സഭയെ സംരക്ഷിക്കുവാൻ നടത്തുന്ന ഇന്നത്തെ വ്യവഹാരങ്ങൾ ഒന്നും ഞാൻ അനുവദിച്ചിട്ടുള്ളതല്ല' എന്ന യേശുവിന്റെ ആത്മഭാഷണം എല്ലാ സഭകൾക്കുമുള്ള താക്കീതാണ്. അത്ഭുതങ്ങളുടെ അരങ്ങേറ്റം നടത്തുന്ന വ്യാജ സുവിശേഷകരെക്കാൾ ധർമ്മം, നീതി, സ്നേഹം, ത്യാഗം, കാരുണ്യം എന്നിവയുള്ള അനുകമ്പ നിറഞ്ഞ ശിഷ്യരെയാണ് രൂപപ്പെടുത്തേണ്ടത്. പ്രാർത്ഥന, ദാനധർമ്മം, ഉപവാസം എന്നിവയിൽ കപടഭക്തി ഇല്ലാത്തവരെയാണ് പുതിയ തലമുറയ്ക്ക് ആവശ്യമെന്ന് യേശു പഠിപ്പിക്കുന്നു. വിനയവും വിശുദ്ധിയും വിശ്വാസവും ശിഷ്യത്വത്തിന്റെ അടയാളങ്ങൾ ആണെന്നും പ്രഖ്യാപിക്കുന്നു. 'എന്റെ ശിഷ്യത്വത്തിന്റെ പ്രത്യേകതകൾ കുറെയൊക്കെ നിങ്ങൾ മനസ്സിലാക്കി കാണുമല്ലോ. ഗ്രഹിക്കുവാൻ ശ്രമിക്കുകയും ഗ്രഹിച്ചത് അനുസരിച്ച് ജീവിക്കുകയും ചെയ്യുക. ഞാൻ നിങ്ങളെ ശ്രദ്ധയോടെ വീക്ഷിച്ചു കൊണ്ടിരിക്കുകയാണ്.

ധൈര്യമായി മുന്നേറുക. എന്ന് നിങ്ങളുടെ സ്വന്തം യേശു' എന്ന് യേശുവിന്റെ ആത്മകഥയിൽ വായിക്കുമ്പോൾ സൃഷ്ടിക്കപ്പെടുന്നത് ആത്മനൊമ്പരമാണ്; ആത്മാവിൽ അലിഞ്ഞു ചേരുന്ന യേശുവിന്റെ സാന്ത്വനം പകരുന്ന മൃദുല സ്വരമാണ്.

യേശുവിന്റെ ആത്മകഥാനുഭവങ്ങൾ ഭാവാത്മകമായി ഇതൾ വിരിയുമ്പോൾ, ചരിത്ര വസ്തുതകളും രേഖകളും ആവശ്യാനുസരണം ഉൾചേർക്കുവാൻ വന്ദ്യ സി. സി. ചെറിയാൻ അച്ചൻ അതീവ ജാഗ്രത പുലർത്തിയിട്ടുണ്ട്.

'ഞാൻ നിങ്ങളിലും നിങ്ങൾ എന്നിലും വസിക്കുമ്പോൾ നിങ്ങളുടെ ആത്മാവ് ഒരിക്കലും നഷ്ടപ്പെടുകയില്ല, തീർച്ച' എന്ന് ആഹ്വാനം ചെയ്താണ് യേശു ആത്മകഥയുടെ ഈ ഭാഗം ഉപസംഹരിക്കുന്നത്.

യേശുവിന്റെ ആത്മകഥയ്ക്ക് പുതിയ അർത്ഥതലങ്ങൾ നൽകി കാലികവും ആകർഷകവുമാക്കി അവതരിപ്പിക്കുവാൻ വന്ദ്യ സി. സി. ചെറിയാൻ അച്ചന്റെ സർഗ്ഗശേഷിയും വേദപരിജ്ഞാനവും ഗവേഷണനൈപുണ്യവും സമന്വയിപ്പിക്കുന്നു. അതിനാൽ യേശുവിന്റെ ആത്മകഥ അതീവ ഹൃദ്യമായ രചനയാണ്. നിരന്തരമായ ധ്യാന പഠന ഗവേഷണങ്ങളിലൂടെയുള്ള ദീർഘമായ ആത്മീയ തീർത്ഥാടനത്തിൽ അക്ഷരങ്ങളിലൂടെ യേശു പുതുകാലത്തെ നിർമ്മിക്കുകയാണ്. ഭൂമിയുടെ ഉപ്പും വെളിച്ചവുമായി തീരാൻ കരുത്തുള്ള ശിഷ്യഗണങ്ങൾക്കായി, വന്ദ്യ സി. സി. ചെറിയാനച്ചനിലൂടെ യേശു ആത്മകഥ എഴുതിക്കൊണ്ടിരിക്കുന്നു. ഇതിലെ ആത്മീയ പ്രകാശം ഉൾകൊണ്ട് കുരിശ് ചുമന്ന് ശിഷ്യത്വത്തിലേക്ക് യാത്ര തുടരാം. 'വരിക, കുരിശുവഹിക്കാം' എന്ന യേശുവിന്റെ ആഹ്വാനം സ്വീകരിക്കുവാൻ സർഗ്ഗശേഷിയുള്ളവരെ സൃഷ്ടിക്കുമ്പോൾ ശിഷ്യത്വം സ്തുതിയും ബലിയും സ്തോത്രവും സാക്ഷ്യവുമായി തീരും. ക്രൂശിക്കപ്പെടുവാനും കുരിശ് വഹിക്കുവാനും'യേശുവിന്റെ ആത്മകഥ' ഏവരെയും പ്രചോദിപ്പിക്കട്ടെ എന്ന് പ്രാർത്ഥിച്ച്, വന്ദ്യ സി. സി. ചെറിയാൻ അച്ചന് ആദരവ് അറിയിച്ച്, പഠന മനനങ്ങൾക്കും ആന്തരിക രൂപാന്തരത്തിനുമായി ഈ കൃതി ഹൃദയപൂർവ്വം സമർപ്പിക്കുന്നു.



ഫാ. സി.സി. ചെറിയാൻ രചിച്ച യേശുവിന്റെ ആത്മകഥ മൂന്നാം വാല്യം കോട്ടയം വൈദിക സെമിനാരി മുൻ പ്രിൻസിപ്പൽ ഫാ. ഡോ. ഒ. തോമസ്, മായൽതോ ദിനത്തിൽ, പഴയസെമിനാരി മാനേജർ ഫാ. ജോബിൻ വർഗീസിന് നൽകിക്കൊണ്ട് പ്രകാശനം ചെയ്തു.

❑



ഗ്രാമസഭയിൽ പങ്കെടുത്ത് മാർ യൂലിയോസ് മെത്രാപ്പോലീത്താ

കുന്നംകുളം: കുന്നംകുളം നഗരസഭയിലെ നെഹ്റു നഗർ വാർഡിലെ ആദ്യ ഗ്രാമസഭയിൽ വാർഡിലെ വോട്ടർ കൂടിയായ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ അപ്രതീക്ഷിത സാന്നിധ്യം ശ്രദ്ധേയമായി. മെത്രാപ്പോലീത്തായുടെ സാന്നിധ്യവും വാക്കുകളും ഏറെ അനുഗ്രഹീതമായിരുന്നു എന്നും ക്രിയാത്മകമായ ചർച്ചകളും, ന്യായമായ ആവശ്യങ്ങളും ഉയർന്നു വന്നതായും വാർഡ് കൗൺസിലറും മനുഷ്യാവകാശ പ്രവർത്തകനുമായ ലെബീബ് ഹസനും മറ്റ് ഭാരവാഹികളും ഒരേ സ്വരത്തിൽ അഭിപ്രായപ്പെട്ടു. ഗ്രാമസഭയുടെ അധ്യക്ഷൻ കൂടിയായ കൗൺസിലർ ലെബീബ് ഹസ്സന്റെ പ്രത്യേക ക്ഷണപ്രകാരമാണ് ഏറെ തിരക്കുകൾക്കിടയിലും സമയം കണ്ടെത്തി മെത്രാപ്പോലീത്താ ഗ്രാമസഭയിൽ പങ്കെടുക്കാനെത്തിയത്. ജനാധിപത്യ പ്രക്രിയയുടെ ഭാഗമാകാൻ കഴിഞ്ഞതിലുള്ള സന്തോഷവും പങ്കുവെച്ചതിനൊപ്പം എല്ലാവിധ പ്രാർത്ഥനാശംസകളും മെത്രാപ്പോലീത്താ നേർന്നു.




പോൾ തോമസിന് ഒന്നാം റാങ്ക്

മഹാത്മാഗാന്ധി സർവകലാശാലയിൽ നിന്ന് എംഎസ്.സി. സുവോളജിയിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ പോൾ തോമസ്. കൊച്ചി ഭദ്രാസനത്തിലെ സെന്റ് കുര്യാക്കോസ് ഓർത്തഡോക്സ് ഇടവകാംഗവും അലുവ യൂണിയൻ ക്രിസ്ത്യൻ കോളജിലെ വിദ്യാർത്ഥിയുമാണ്.

വചനതീർത്ഥം

ഉണർവ്വോടെ ജീവിതം തുടരുന്നവർ

സകല വാങ്ങിപ്പോയവരുടെയും പൊതുവായ ഓർമ്മ കഴിക്കുന്ന ഞായറാഴ്ച (ആനീദേ ഞായർ) (വി. ലൂക്കോസ് 12: 32-48)



ഫാ. വിനോദ് ജോർജ്

(മാനേജർ, വെട്ടിക്കൽ ദയറാ)

സത്യവിശ്വാസത്തോടെ മുമ്പുകൂട്ടി യാത്ര പുറപ്പെട്ട് കർത്താവിന്റെ അടുക്കൽ എത്തിച്ചേർന്ന നമ്മുടെ മാതാപിതാക്കന്മാരുടെയും സഹോദരങ്ങളുടെയും ഗുരുക്കന്മാരുടെയും വിശ്വാസികളായ എല്ലാ വാങ്ങിപ്പോയവരുടെയും ആത്മാക്കൾക്ക് കർത്താവിന്റെ പ്രകാശവും കൃപാകാന്തിയും ഉദിപ്പിക്കണമേ എന്ന് പ. സഭ മുഴുവനും പൊതുവായി പ്രാർത്ഥിക്കുന്ന ദിവസമാണിന്ന്. കണ്ണുകൊണ്ട് കണ്ടിട്ടില്ലാത്തതും ചെവികൊണ്ട് കേട്ടിട്ടില്ലാത്തതുമായ മോഹനീയ ഭാഗ്യത്തിന് അവരെ യോഗ്യരാക്കണമേ എന്ന് പ്രാർത്ഥിക്കുവാനുള്ള അവസരമാണിത്.

അവരെ ജീവന്റെ തുറമുഖത്തു പ്രകാശമണവറയിലും പുണ്യവാന്മാർ സന്തോഷിക്കുകയും സിദ്ധന്മാർ ആനന്ദിക്കുകയും നീതിമാന്മാർ ആമോദിക്കുകയും ചെയ്യുന്ന സ്ഥലങ്ങളിലും വിശ്രമിപ്പിക്കുവാൻ പ. സഭ ഒന്നടങ്കം പ്രാർത്ഥിക്കുന്നു.

സഭയുടെ അദൃശ്യമായ വശം

സഭ, ജീവിച്ചിരിക്കുന്ന വിശ്വാസികളുടെ മാത്രം സമൂഹം അല്ല, അതിൽ ജീവനുള്ളവരും വാങ്ങിപ്പോയവരുമായ വിശ്വാസികൾ അംഗങ്ങളാണ്. വാങ്ങിപ്പോയവർ നിദ്രയിലേക്കോ പൂർണ്ണ വിശ്രമത്തിലേക്കോ അല്ല പോകുന്നത്. പ്രത്യുത സ്ഥലകാല പരിമിതികളില്ലാത്ത ഒരു സ്ഥിതിവിശേഷത്തിൽ ഉണർവ്വോടെയുള്ള ജീവിതം തുടരുകയാണ്. അതാണ് സഭയുടെ അദൃശ്യമായ വശം.

മരണത്തോടുകൂടി ഒന്നുമില്ലായ്മയിലേക്കു പോവുകയാണ് എന്ന ചിന്ത എബ്രായർക്കില്ലായിരുന്നു. മരണം മൂലം അവർ 'പിതാക്കന്മാരോടു ചേരുകയാണ്' എന്നു വിശ്വസിച്ചു. ഷീയോളിൽ എത്തിച്ചേരുകയാണ് മരണം മൂലം സംഭവിക്കുന്നത് (സങ്കീ. 88:10-12).

ഒരു ക്രിസ്തീയ വിശ്വാസി, മാമോദീസായിൽ, മരണത്തിൽ കൂടി കടന്നു പോയിട്ടുള്ളവനാണ് (റോമർ 6:3, കൊലോ. 2:12). ക്രിസ്തു തന്റെ മരണത്തെ ഒരു മാമോദീസാ ആയി ചിത്രീകരിച്ചിട്ടുള്ളത് ശ്രദ്ധേയമാണ് (വി. മർക്കോ. 10:38). ക്രിസ്തുവിനോട് ചേരുവാൻ സ്നാനമേറ്റിട്ടുള്ള വിശ്വാസികൾ മരണം വന്നിട്ട് ജീവനിലേക്കു കടന്നവരാണ്. എന്നാൽ അവരുടെ ശാരീരിക മരണം സംഭവിക്കാനുണ്ട്. എങ്കിലും അവർക്കു മരണം ഒരു പേടിസ്വപ്നമല്ല. മരണം കേവലം ഒരുറക്കമായി മാത്രമവർ കാണുന്നു (1 തീമോ. 4:13-18).

മരിക്കുന്നത് ലാഭമാണ്

വി. പൗലോസ് ശ്ലീഹായുടെ ശ്രദ്ധേയമായ ഒരു ആദർശ ജീവിതവാക്യമാണ് ഫിലി. 1:21 'എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവുമാണ്' (for to me, to live is Christ, and to die is Profit). ഈ ലോകജീവിതം ക്രിസ്തുവിൽ ആണ്. ക്രിസ്തുവിനോടു കൂടെയാണ്. അതുകൊണ്ട് അത് മുതൽമുടക്കും മൂലധനവുമാണ്. മരിക്കുന്നത് എനിക്ക് ലാഭമാണെന്ന് പ. പൗലോസ് പറയുമ്പോൾ, അത് വിളവെടുപ്പ് ആണ്. Investment ന്റെ ആനുപാതികമായിട്ടാണ് Profit ഉണ്ടാകുന്നത്. ഈ ലോക ജീവിതത്തിൽ ക്രിസ്തുവിനെ പ്രസാദിപ്പിക്കുന്നതിനാണ് പ്രാധാന്യം നൽകിയത്.

2 കോരിന്ത്യർ 5:9-ൽ പ. പൗലോസ് പറയുന്നു, 'ശരീരത്തിൽ വസിച്ചാലും ശരീരം വിട്ടാലും ഞങ്ങൾ അവനെ പ്രസാദിപ്പിക്കുന്നവർ ആകുവാൻ അഭിമാനിക്കുന്നു.' ഈ ലോകത്ത് ദൈവത്തെ പ്രസാദിപ്പിക്കുകയായിരുന്നു. ശരീരം വിട്ടിട്ടുള്ള ജീവിതത്തിലും ദൈവത്തെ പ്രസാദിപ്പിക്കുന്നതിന്റെ അളവ് കൂട്ടി ജീവിക്കുന്നതാണ് യഥാർത്ഥ ലാഭം. കർത്താവിനോടൊപ്പം, കർത്താവിനെ പ്രസാദിപ്പിച്ച് Investment ഭംഗിയാക്കുക, Profit കിട്ടാനിരിക്കുന്നതേയുള്ളൂ.

ഇന്നത്തെ വി. ഏവൻഗേലിയോൻ ഭാഗത്ത് കർത്താവ് പറയുന്നു; വി. ലൂക്കോസ് 12:33 'കള്ളൻ അടുക്കയോ പുഴു കെടുക്കയോ ചെയ്യാത്ത സ്വർഗ്ഗത്തിൽ പഴകിപ്പോകാത്ത മടിശ്ശീലകളും തീർന്നുപോകാത്ത നിക്ഷേപവും നിങ്ങൾക്കു ഉണ്ടാക്കിക്കൊൾവീൻ. നിങ്ങളുടെ നിക്ഷേപം ഉള്ളേടത്തു നിങ്ങളുടെ ഹൃദയവും ഇരിക്കും.'

മരണാനന്തര അവസ്ഥ

മരണാനന്തരം ആത്മാക്കൾ സജീവരായി സ്ഥിതിചെയ്യുന്നു. ധനവാന്റെയും ലാസറിന്റെയും ഉപമയിൽ (വി. ലൂക്കോസ് 16) നിന്നും ഇക്കാര്യം കൂടുതൽ സ്പഷ്ടമാണ്. മരണസമയത്തു അനുതപിച്ച കള്ളനു കർത്താവ് നൽകിയ വാഗ്ദാനം 'നീ ഇന്ന്' (മരണാനന്തരം) എന്നോടു കൂടി പറുദീസായിൽ ഇരിക്കുമെന്നാണ് (വി. ലൂക്കോസ് 23:43).

പ. പൗലോസിന്റെ ലേഖനങ്ങളിൽ വ്യക്തമായ പല പ്രസ്താവനകളുമുണ്ട്. ശരീരം വിട്ടുപോയവർ (മരണാനന്തരം) ക്രിസ്തുവിനോടു കൂടിയാകുന്നു എന്നു പറയുന്നു (ഫിലി. 1:23). മരണാനന്തരവും ക്രിസ്തുവിനെ പ്രസാദിപ്പിക്കാം (2 കോരി. 5:8). 'നിദ്ര കൊള്ളുന്നവരെക്കുറിച്ച് നാം അറിവില്ലാതിരിക്കരുത്' എന്നു പ. പൗലോസ് ആഗ്രഹിക്കുന്നു (1 തെസ്സ. 4:13). മരിച്ചവരെന്ന വാക്കല്ല 'നിദ്ര കൊള്ളുന്നവർ' എന്നാണ് പറഞ്ഞിട്ടുള്ളത്. നിദ്ര എന്നുള്ളത് സമ്പൂർണ്ണമായ മൗനമോ, നിർജ്ജീവത്വമോ അല്ല, സജീവമായ അവസ്ഥ തന്നെയാണ്.

പ. പത്രോസിന്റെ ഒന്നാം ലേഖനത്തിൽ ക്രിസ്തു മരിച്ചവരോട് സുവിശേഷം അറിയിച്ചതായി പറയുന്നു (4:16). തടവിലുള്ള ആത്മാക്കളോടു പ്രസംഗിച്ചു എന്ന് 3:19-ൽ പറയുന്നു. അതിൽനിന്നു മരണാനന്തരം ആത്മാക്കൾ, സുവിശേഷം കേൾക്കുവാനും അതിനു പ്രതികരിക്കുവാനും കഴിയുന്ന അവസ്ഥയിലാണെന്നു വ്യക്തം.

പരസ്പരം പ്രാർത്ഥിക്കുക

വാങ്ങിപ്പോയവർ സഭയിൽ തന്നെ, സഭയുടെ അംഗങ്ങളായി തുടരുന്നു. സഭയുടെ അംഗങ്ങളുടെ പ്രധാന ഉത്തരവാദിത്വം പരസ്പരം പ്രാർത്ഥിക്കുക എന്നതാണ്. വിശ്വാസികൾ എല്ലാവരും പുനരുത്ഥാനത്തിന്റെ നാളുവരെയും വളർച്ചയുടെയും ശുദ്ധീകരണത്തിന്റേയും അവസ്ഥയിലാണ് (ഫിലി. 1:4, 1 കോരി. 1:8, 1 തെസ്സ. 5:23).

അപ്പോൾ പരസ്പരം പ്രാർത്ഥിക്കുന്നതുമൂലം ഈ വളർച്ചയേയും ശുദ്ധീകരണത്തേയും അതു സഹായിക്കും. കൂടാതെ, മരിച്ചവരോടു സുവിശേഷം അറിയിച്ചതുതന്നെ അവർക്ക് ആ അവസ്ഥയിൽ സ്വയം തിരുത്തുവാനും കൃപ ലഭിക്കുവാനും യോഗ്യതയും സാദ്ധ്യതയും ഉള്ളതുകൊണ്ടാണല്ലോ. അപ്പോൾ അതേ ലക്ഷ്യം വച്ചുകൊണ്ട് അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതും ന്യായയുക്തമാണ്.

മക്കാബിയ കാലം മുതലെങ്കിലും യഹൂദന്മാരുടെ ഇടയിൽ നിലനിന്നിരുന്ന പതിവാണിത്. യഹൂദമതത്തിലെ എല്ലാ അനാചാരങ്ങൾക്കും എതിരായി സംസാരിച്ച ക്രിസ്തു, മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന പതിവിനെ ചോദ്യം ചെയ്തില്ല എങ്കിൽ അതിന്റെ അർത്ഥം എന്തായിരിക്കും? തന്നെയുമല്ല വളരെ പുരാതനകാലം മുതലേ ഈ പാരമ്പര്യം സഭയിൽ നിലവിൽ വന്നു എന്നും വിശ്വാസിക്കാവുന്നതാണ്. മരിച്ചവരും ജീവിച്ചിരിക്കുന്നവരും തമ്മിൽ സഭയിലുള്ള കൂട്ടായ്മയുടെ അനുഭവത്തിൽ നിന്നാണ് മദ്ധ്യസ്ഥപ്രാർത്ഥന ഉടലെടുക്കുന്നത്.


തന്റെ കിരണശോഭയാൽ ശവക്കല്ലറകളിലുള്ളവരെ സന്ദർശിക്കുകയും ചെയ്യുന്ന സാക്ഷാൽ പ്രകാശവും, തന്റെ പ്രബല ശബ്ദത്താൽ മരിച്ചുപോയവരെ ഉയിർപ്പിക്കുകയും, തന്റെ തിരുഹിത നിയോഗത്താൽ നിദ്രപ്രാപിച്ചവരെ ഉണർത്തുകയും ചെയ്യുന്ന ജീവനുള്ളവനും ജീവൻ നൽകുന്നവനുമായ കർത്താവിനോട് നമുക്ക് ഒരുമിച്ച് പ്രാർത്ഥിക്കാം. സ്വർഗ്ഗീയ ഭവനങ്ങളിൽ നമ്മുടെ വാങ്ങിപ്പോയവരെ ചേർക്കുവാനും തെരഞ്ഞെടുക്കപ്പെട്ടവരുടെ ഗണത്തിൽ ഉൾപ്പെടുത്തുവാനും കർത്താവിന്റെ ദിവ്യമുഖകാന്തിയുടെ നേരെ അവരെ നിർത്തുവാനും നമ്മുക്ക് പ്രാർത്ഥിക്കാം.

❑

Church Calendar

We don't pray for the dead!

Commemorating the Departed Faithful



Fr. Dr. Joshi Varghese, Bhilai
(Diocesan Education Officer & PRO, Calcutta Diocese)

Evening: St. Matthew 25: 31-46, Morning: St. John 5:19-29, Before Holy Qurbana: Genesis 49:33-50:13, Ezekiel 34:1-14, Isaiah 38:10-20, Maccabians12: 38 -45. Holy Qurbana: St. James 3:1–12, I Cor. 15: 20-28

St. Luke12: 32-48

The Holy Church commemorates her departed children on the Sunday prior to the Great Lent. Commemoration of the departed is one of the major theological issues among the Churches. The Orthodox Churches and the Roman Catholic Church considers the practice of the commemoration as normal whereas for the Protestants it's a taboo. For a better understanding of the topic we need to clearly understand the state of the departed as well as the meaning of prayer for souls.

a. Departed do not leave home, they go Home

We generally treat death as a full stop but it's rather a semicolon, for the life of a person doesn't end with his death. The Holy Church prefers to use the term departed rather than dead. When one breathes his last breath he departs from this world to another world. For a non- believer he may be dead but for the Church he has been transferred or departed to another realm. In short he is not dead but alive!."…where he speaks of the Lord as the God of Abraham, the God of Isaac, and the God of Jacob. Now he is God not of the dead, but of the living; for to him all of them are alive" (Lk 20:37-38). In short we don't pray for the dead, rather we pray for the departed who are alive in Christ.

We pray for the departed as they continue to remain part of the Church, part of Christ's Body. "… you are citizens with the saints and also members of the household of God, built upon the foundation of the apostles and prophets, with Christ Jesus himself as the cornerstone. (Eph 2:19-20). If we accept the argument that one is removed from the Church with his death, then what about the apostles and prophets, who are the foundation of the Church? Isn't it absurd to say that the Church stands without its foundation?

The epistle to Hebrews reminds us about the 'great cloud of witnesses' like Abel, Enoch, Noah, Abraham, Moses etc. (Heb 11 &12:1) who watch our faith journey. We see a beautiful picture of worship in Hebrews 12:22-24 wherein it says "the Communion of the Saints above and the Church below with myriads of Angels united in a Festal throng, in a Heaven now ideally existent and soon to be actually realised." (Cambridge Bible for Schools and Colleges)

St. Paul views death as an opportunity to be "at home with the Lord" (2 Cor 5:9) and even after death wishes to please God; "So whether we are at home or away, we make it our aim to please him". Again death is seen as an opportunity which helps him to be with Christ. "For to me, living is Christ and dying is gain. …I am hard pressed between the two: my desire is to depart and be with Christ, for that is far better"(Php. 1:21-23).

b. Are the departed oblivious?

Though the parable of the Lazarus and the Rich Man (Lk 16:19-31), was not intended directly to teach about the state of the departed, we get an understanding about how life after death was viewed in the first century. The rich man after his death could see Lazarus by the side of Abraham and also his five brothers who lived in his father's house.

Moses, who was buried about 1400 years before Christ (Dt. 34:5,6)appeared along with Elijah on the mountain at the time of Transfiguration of Jesus. "They appeared in glory and were speaking of his departure, which he was about to accomplish at Jerusalem" (Lk 9:31). In Revelation 6:10 we read that the martyrs pray to the God. "They cried out with a loud voice, 'Sovereign Lord, holy and true, how long will it be before you judge and avenge our blood on the inhabitants of the earth?". Thy faithful departed are not silent after their physical departure but they " bless the Lord from this time on and forevermore" (Ps 115:17,18).

c. Prayer is not bribing God

There is no doubt that everyone would "be judged according to their works" (Rev 20:12) and God would repay everyone "according to each one's deeds" (Rom 2:6, Rev 22: 12). The departed souls also need the mercy of God. "Blessed be he? by the Lord, whose kindness has not forsaken the living or the dead!" (Ruth 2:20). We see Paul praying for the departed Onesiphorus (2 Tim 4:19) that "may the Lord grant that he will find mercy from the Lord on that day"! (2 Tim 1:16–18). It is believed that in the early Church if anyone who believed in Christ died before being baptized, someone else would take baptism for that dead person. St. Paul talks about this practice in 1 Cor 15:29 "Otherwise, what will those people do who receive baptism on behalf of the dead? If the dead are not raised at all, why are people baptized on their behalf?"

Don't we pray for those in need? When someone falls ill, their friends used to pray for his/her recovery. Can anyone claim that the recovery of the person solely depends on the prayer of the friend only? Parent, sibling or spouse might be praying for that person more fervently than the friend. Irrespective of who else pray or the outcome, the friend prays for his/her buddy out of the bond of love. Similarly the prayer for a departed one is the expression of our love towards him/ her. As we make intercession for those who are physically present with us, similarly we pray for the departed as they are also part of the Church, the body of Christ. Their life is hidden with Christ in God (Col 3:3). It is God's prerogative to show mercy to anyone or else Christ wouldn't have preached the Gospel to the departed (1 Pet 3: 19, 1 Peter 4:6).

Conclusion

(a.)It is our Christian duty to pray for our departed ones as an expression of love because they are still living in God's kingdom.(b)No one should be in a fool's paradise and think that they can squander the days on earth as they wish and after their death, they would be saved by the prayer of someone else. As the statement of the Anglican- Orthodox Dialogue held at Llandafff on 18th July, 1980 says', "After death and before the general resurrection of souls of those who have fallen asleep in faith are assisted by the prayers of the Church, through the crucified and risen Christ – through Him alone and nothing else"(c) The day of remembrance of the departed should also remind us about our own inevitable death. Each remembrance should be a wakeup call to mend our ways, to focus on Risen Christ- the resurrection and life- and to lead a worthy life.

"Eternal rest grant unto them O lord and May they rest in Peace"

❑



യൂഹാനോൻ മാർ മിലിത്തോസ് മാരോട്ടിച്ചാൽ സെന്റ്. ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിൽ നീണ്ട 21 വർഷങ്ങൾക്കു ശേഷം ജനുവരി 31-ന് വി. കുർബ്ബാന അർപ്പിച്ചു.



കട്ടച്ചിറ പള്ളിയിൽ എത്തിയ ഡോ. മാത്യൂസ് മാർ തിമോത്തിയോസിനെ വിശ്വാസികൾ സ്വീകരിക്കുന്നു. മെത്രാപ്പോലീത്താ സന്ധ്യ പ്രാർത്ഥനയ്ക്ക് നേതൃത്വം കൊടുത്തു.



കട്ടച്ചിറ സെന്റ്.മേരീസ് ഓർത്തഡോക്സ് പള്ളിയിൽ ഇന്ന് മായൽത്തോ പെരുന്നാളിന് അഭി:ഡോ. എബ്രഹാം മാർ സെറാഫിം തിരുമേനി നേതൃത്വം നൽകി.



കട്ടച്ചിറ പള്ളിയുടെ മുന്നിലെ തോട് യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ശുചീകരിച്ചു. ഉദ്ഘാടനം ഭരണിക്കാവ് ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സുരേഷ് പി. മാത്യു നിർവഹിച്ചു.





ജേക്കബ് മത്തായി ഏഷ്യൻ ബുക്ക് ഓഫ്സ് റെക്കോഡ്സിൽ

ഇരവിപേരൂർ നെല്ലാട് സെൻറ് കുര്യാക്കോസ് ഓർത്തഡോക്സ് ഇടവക അംഗമായ കണ്ണോലിൽ ജേക്കബ് മത്തായി (സണ്ണി, 67) ഏഷ്യൻ ബുക്ക് ഓഫ്സ് റെക്കോഡ്സിൽ.

154 രാജ്യങ്ങളുടേതായ 4300 ഗാന്ധി സ്റ്റാമ്പുകളുടെ അപൂർവതകളുടെ പ്രദർശനം നടത്തിയാണ് ഈ അഭിമാന നേട്ടത്തിന് അർഹനായിരിക്കുന്നത്. ജേക്കബ് മത്തായി 1970-ലാണ് സ്റ്റാമ്പ് ശേഖരണം തുടങ്ങുന്നത്, സണ്ണി കളക്ഷൻ എന്ന പേരിലായിരുന്നു സ്റ്റാമ്പ് ശേഖരം. 1985 ലാണ് ഗാന്ധി വിഷയമായി പ്രത്യേക സ്റ്റാമ്പ് ശേഖരണം തുടങ്ങിയത്.

രാഷ്ട്രപിതാവിനോടുള്ള ബഹുമാനാർത്ഥം ഇന്ത്യ ഇതേവരെ പുറത്തിറക്കിയ 97 സ്റ്റാമ്പുകൾ ശേഖരത്തിലുണ്ട്. മഹാത്മാഗാന്ധിയുടെ 80-ാം ജന്മദിനത്തിലാണ് രാജ്യത്ത് അദ്ദേഹത്തിൻെറ ആദരമായി 1949ൽ ഒരു സ്റ്റാമ്പ് പുറത്തിറക്കിയതു. നാലു തരം സ്റ്റാമ്പുകൾ അന്ന് തയ്യാറാക്കിയിരുന്നു, ലോകം കണ്ട ആദ്യ ഗാന്ധി സ്റ്റാമ്പുകളായിരുന്നു ഇവ. ഇന്ത്യയ്ക്കു പുറമേ ഗാന്ധിയുടെ തപാൽ സ്റ്റാമ്പുകൾ പുറത്തിറക്കിയ ആദ്യ ലോക രാജ്യം അമേരിക്കയാണ്.

വില കൊടുത്തു വാങ്ങിയതും, സമ്മാനമായി കിട്ടിയതും, പ്രോത്സാഹനമായി കിട്ടിയതുമായ സ്റ്റാമ്പുകളാണ് ശേഖരത്തിൽ ഉള്ളത്. സിവിൽ എൻജിനീയറായി ജീവിതം ആരംഭിച്ച ജേക്കബ് മത്തായി ഏറെക്കാലം അബുദാബിയിൽ സിവിൽ എൻജിനിയറായി ജോലി ചെയ്തിരുന്നു. അവിടെ ജോലി ചെയ്യുമ്പോൾ വിവിധ രാജ്യങ്ങളിൽ സ്റ്റാമ്പ് പ്രദർശനം നടത്തിയിട്ടുണ്ട്. നാട്ടിൽ എത്തിയശേഷവും ലോക രാജ്യങ്ങളുടെ നാണയങ്ങൾ, നോട്ടുകൾ, സ്റ്റാമ്പുകൾ മുതലായവ ശേഖരിക്കുന്നതിലും എക്സിബിഷനുകൾ നടത്തുന്നതിലും പൂർണമായി വ്യാപൃതനായിരിക്കുകയാണ്.

1969-ൽ ജന്മശതാബ്ദി വേളയിൽ ഗാന്ധിക്ക് ആദരവേകി 42 രാജ്യങ്ങൾ പുറത്തിറക്കിയവയിൽ 39 എണ്ണം സ്വന്തമാക്കിയിട്ടുണ്ട്, ഗാന്ധിയോടുള്ള ആദരസൂചകമായി ഇന്ത്യയ്ക്കു പുറത്ത് ആദ്യമായി (പോളണ്ട്) ഇറക്കിയ പോസ്റ്റ് കാർഡ്, റുമേനിയ പുറത്തിറക്കിയ എൻവെലപ്, 2009 ഒക്ടോബർ 2ന് 140-ാം ജന്മവാർഷികത്തോടനുബന്ധിച്ച് യു.എൻ. പുറത്തിറക്കിയ സ്റ്റാമ്പ്, 2011-ൽ ഇന്ത്യൻ തപാൽ വകുപ്പ് ആദ്യമായി ഖദർ തുണിയിൽ ഇറക്കിയ സ്റ്റാമ്പ്, 2018-ൽ പുറത്തിറക്കിയ വൃത്താകൃതിയിലുള്ള സ്റ്റാമ്പുകൾ, 2019ൽ ഷഡ്ഭുജാകൃതിയിലുള്ള സ്റ്റാമ്പുകൾ മലേഷ്യ പുറത്തിറക്കിയ വെള്ള സ്വരോവ്സ്കി ക്രിസ്റ്റൽ പതിച്ച സ്റ്റാമ്പ് തുടങ്ങിയവ ശേഖരത്തെ അലങ്കരിക്കുന്നു.

ഇന്ത്യൻ നാഷണൽ ബാങ്ക് നോട്ട് സൊസൈറ്റി ലൈഫ് മെംബറും, നോർത്ത് കരോലിന ഐ.ബി.എൻ.എസ്. ചാപ്റ്റർ മെംബറും, റോയൽ ന്യൂമിസ്മാറ്റിക് സൊസൈറ്റി ബ്രിട്ടൻെറ മുൻ ഫെല്ലോയും, സൗത്ത് ഇന്ത്യൻ ന്യൂമിസ്മാറ്റിക് സൊസൈറ്റി ലൈഫ് മെംബറുമാണ്. ജില്ലാ ഫിലാറ്റിലിക് ആൻഡ് ന്യൂ മിസ്മാറ്റിക് അസോസിയേഷനിലും അംഗമാണ്. ഒരു വ്യക്തിഗത ഫിലാറ്റലിസ്റ്റിൻെറ ലോകത്തിലെ തന്നെ ഏറ്റവും വലുതും ഏറ്റവും കൂടുതൽ രാജ്യങ്ങളിൽ നിന്നുള്ളതുമായ ഗാന്ധി സ്റ്റാമ്പ് ശേഖരമാണ് ജേക്കബ് മത്തായിയുടെ കൈവശമുള്ളത്. ഈ ശേഖരമാണ് ഏഷ്യൻ ബുക്ക് ഓഫ് റെക്കോഡ്സിൽ ഇടംപിടിച്ചത്.



പിറവം വലിയ പള്ളിയിൽ മാവേലിക്കര ഭദ്രാസന സഹായ മെത്രാപ്പോലീത്താ അലക്സിയോസ് മാർ യൗസേബിയോസ് ഫെബ്രുവരി 6-ന് വി. കുർബാന അർപ്പിച്ചു.



കണ്ണ്യാട്ടുനിരപ്പു സെന്റ് ജോൺസ് ഓർത്തഡോക്സ് സുറിയാനി പള്ളിയിൽ ജൂബിലി പെരുന്നാളിനു തുടക്കം കുറിച്ച് സഖറിയാ മാർ അപ്രേം വിശുദ്ധ കുർബാന അർപ്പിച്ചു.



ഡോ. സഖറിയാ മാർ അപ്രേം മെത്രാപ്പോലീത്താ മുളന്തുരുത്തി മാർത്തോമൻ പള്ളി സന്ദർശിച്ചു.

ദീപു തോമസിന് സംസ്ഥാന പുരസ്കാരം



63-ാമത് സംസ്ഥാന സ്കൂൾ കായിക മേളയുടെ സമഗ്ര റിപ്പോർട്ടിങ്ങിന് (അച്ചടി വിഭാഗം) പൊതു വിദ്യാഭ്യാസ വകുപ്പ് പ്രഖ്യാപിച്ച അവാർഡിന് 'മെട്രോ വാർത്ത'ക്കു വേണ്ടി റിപ്പോർട്ടുകൾ തയ്യാറാക്കിയ മീനടം മറ്റപ്പള്ളിൽ ദീപു തോമസ് അർഹനായി. മീനടം സെന്റ് തോമസ് ഇടവകാംഗം.



ഫേബ അച്ചു ആൻഡ്രൂസിന് മൂന്നാം റാങ്ക്

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്നും എം.എസ്.സി. സുവോളജിയിൽ മൂന്നാം റാങ്ക് കരസ്ഥമാക്കിയ ഫേബ അച്ചു ആൻഡ്രൂസ് (മേക്കരിങ്ങാട്ട്, മല്ലപ്പള്ളി). നിരണം ഭദ്രാസനത്തിലെ ഫാ. ബാബുക്കുട്ടി ആൻഡ്രൂസിന്റെ മകളാണ്.



ശാശ്വതസമാധാനമെന്ന മലങ്കര സഭയുടെ പ്രഖ്യാപിത ലക്ഷ്യത്തെ ഏറ്റെടുത്തുകൊണ്ട് മാവേലിക്കര ഭദ്രാസന പശ്ചിമമേഖലാ യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ഐക്യ സമാധാന സന്ദേശയാത്ര നടത്തപ്പെടുകയാണ്. കോവിഡ് മാനദണ്ഡങ്ങൾ അനുസരിച്ചു 2021 ഫെബ്രുവരി 21ന് കട്ടച്ചിറയിലേക്ക് നടത്തപ്പെടുന്ന യാത്ര ആ മണ്ണിൽ നീതിയും സമാധാനവും ഐക്യവും നിലനിർത്താനുള്ള സന്ദേശമായി മാറട്ടെ. എല്ലാവർക്കും സ്വാഗതം